15
2024
ഒക്ടോബർ
ചൊവ്വ
കന്നി 29

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www.nauticaltimesmedia.com | Volume-5, Issue No.284 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-284 | പേജ് 4. വില 2.00 രൂപ




02 ദുരന്തബാധിതർക്ക് അടിയന്തരസഹായം നൽകണം; നിയമസഭ പ്രമേയം പാസാക്കി
03 അറബ് രാജ്യങ്ങൾക്ക് ഇറാന്റെ മുന്നറിയിപ്പ്
04 ഇസ്രയേലിൽ സൈനിക ക്യാംപിനു നേരെ ഡ്രോൺ ആക്രമണം, 4 സൈനികർ കൊല്ലപ്പെട്ടു

### തീര പരിപാലന നിയമത്തിൽ ഇളവുകൾക്കായി ശക്തമായ നടപടികൾ സ്വീകരിക്കും : മുഖ്യമന്ത്രി

# നഗരസ്വഭാവമുള്ള തീരമേഖലകൾക്കും ഇളവ് വേണം

സംസ്ഥാന താൽപ്പര്യങ്ങൾക്കനുസൃതമായി CRZ ൽ കൂടുതൽ ഇളവ് നേടിയെടുക്കുന്നതിന് തുടർന്നും ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പി. നന്ദകുമാറിന്റെ ശ്രദ്ധക്ഷണിക്കലിന് നിയമസഭയിൽ മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി.

സംസ്ഥാനത്തെ കടൽ, കായൽ തീരങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണ പരിധിയിൽ ഇളവുകൾ ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ തയ്യാറാക്കി സമർപ്പിച്ച കരട് തീരദേശ പരിപാലന പ്ലാനിന് കേന്ദ്രസർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് ഉടൻ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതോടെ ഇതുമായി ബന്ധപ്പെട്ടുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തിന് ലഭിക്കും.

തീരദേശപരിപാലന നിയമത്തിൽ കൂടുതൽ ഇളവ് അനുവദിക്കുന്നതിനുള്ള വിജ്ഞാപനം 2019ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഇളവുകൾ പൂർണ്ണമായും സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനെക്കുറിച്ച് വിശദമായി പഠിക്കാൻ ഒരു മൂന്നംഗ വിദഗ്ധ സമിതിയെ നിയോഗിച്ചു. സമിതിയുടെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരുമായി നിരന്തരമായി വിശദമായ ചർച്ചകൾ നടത്തി കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുകയും ചെയ്തു.

കരട് പ്ലാനിൻറെ ആനുകൂല്യം പൂർണ്ണമായി ലഭിക്കുവാൻ 10 തീരദേശ ജില്ലകളിൽ പൊതുജനാഭിപ്രായം കൂടി തേടിയിരുന്നു. ഇതിൽ ലഭിച്ച 33,000ത്തോളം പരാതികളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് കരട് പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് ചെന്നൈയിലെ നാഷണൽ സെൻറർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെൻറിന് (NCSCM) കൈമാറിയിരുന്നു. പ്രസ്തുത സ്ഥാപനം നിർദ്ദേശിച്ച ഭേദഗതികൾ കൂടി ഉൾപ്പെടുത്തിയ കരട് തീരദേശ പരിപാലന പ്ലാൻ മന്ത്രിസഭയുടെ അംഗീകാരത്തോടെയാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചത്.

പഞ്ചായത്തുകളുടെ സോൺ മാറ്റം ഉൾപ്പെടെ സംസ്ഥാനത്തിൻറെ ആവശ്യങ്ങൾ മിക്കതും അംഗീകരിപ്പിക്കാൻ കഴിഞ്ഞുവെന്നത് പ്രധാന നേട്ടമാണ്.

തീരദേശപരിപാലന നിയമ പ്രകാരം ഏറ്റവും കുറവ് നിയന്ത്രണങ്ങളുള്ള മേഖലയാണ് CRZ II. കേന്ദ്രം, മുൻസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പരിധിയിൽ വരുന്ന സ്ഥലങ്ങളെയാണ് CRZ IIൽ ഉൾപ്പെടുത്തുന്നത്. എന്നാൽ രാജ്യത്തിൻറെ മറ്റു തീരദേശ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ജനസാന്ദ്രതയുടെ കാര്യത്തിലും, അടിസ്ഥാനസൗകര്യവികസനത്തിൻറെ കാര്യത്തിലും സംസ്ഥാനത്തെ തീരദേശ മേഖലയോട് ചേർന്ന് കിടക്കുന്ന ഏറെക്കുറെ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസ്വഭാവമുള്ളവയാണ്. പഞ്ചായത്തുകളെ CRZ II ൽ ഉൾപ്പെടുത്താത്ത സാഹചര്യമുണ്ടായാൽ അത് സംസ്ഥാനത്തിന് വളരെയധികം ദോഷമുണ്ടാക്കുമെന്ന വിലയിരുത്തലിൻറെ അടിസ്ഥാനത്തിൽ 175 പഞ്ചായത്തുകളെ Legally Designated Urban Area കളായി വിജ്ഞാപനം ചെയ്യുകയും CRZ II ഗണത്തിൽപ്പെടുത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തു.

സംസ്ഥാന സർക്കാരിൻറെ നിലപാടിനുള്ള അംഗീകാരമായി 2011 സെൻസസിൻറെ അടിസ്ഥാനത്തിൽ നഗരസ്വഭാവമുണ്ടെന്ന് കണ്ടെത്തിയ 66 തീരദേശ പഞ്ചായത്തുകളെ 2019ലെ തീരദേശപരിപാലന വിജ്ഞാപന പ്രകാരം കടുത്ത നിയന്ത്രണമുണ്ടായിരുന്ന സോൺ III ൽ നിന്നും സോൺ 2 ലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഒരു ചതുരശ്ര കിലോമീറ്ററിൽ 2161 പേരോ അതിൽ കൂടുതലോ ജനസാന്ദ്രതയുള്ള പഞ്ചായത്തുകളെ, പുതുതായി 2019ലെ തീരദേശ പരിപാലന പ്ലാനിൽ ഉൾപ്പെടുത്തിയ CRZIII A എന്ന വിഭാഗത്തിലും, അതിൽ കുറഞ്ഞ ജനസാന്ദ്രതയുള്ള പ്രദേശങ്ങളെ ഇഞദ കകക ആ വിഭാഗത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

CRZ A യിലെ വികസന നിഷിദ്ധ മേഖല നിലവിലുള്ള 200 മീറ്ററിൽ നിന്ന് 50 മീറ്ററായി കുറച്ചു. കേരളത്തിലെ 31 പഞ്ചായത്തുകളെ CRZ III A കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും 20 പഞ്ചായത്തുകൾ CRZ II കാറ്റഗറിയിലേക്ക് മാറിയിട്ടുണ്ട്. ആയതിനാൽ നിലവിൽ 11 പഞ്ചായത്തുകളാണ് CRZ III A കാറ്റഗറിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

ഉൾനാടൻ ജലാശയങ്ങളുടെ വേലിയേറ്റ രേഖയിൽ നിന്നുള്ള ദൂരപരിധി 100 മീറ്ററിൽ നിന്ന് 50 മീറ്റർ വരെയായി കുറയ്ക്കുകയും പ്രസ്തുത 50 മീറ്റർ വരേയോ ജലാശയത്തിൻറെ വീതിയോ ഏതാണോ കുറവ് അതുമാത്രം വികസന നിഷിദ്ധ മേഖലയായി മാറ്റുകയും ചെയ്തിട്ടുണ്ട്. തുറമുഖത്തിൻറെ ഭാഗമായി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ വികസന രഹിത മേഖല ബാധകമല്ല.

മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ ഏകദേശം പത്തുലക്ഷം തീരദേശ നിവാസികൾക്ക് ആശ്വാസമാകും. കേന്ദ്ര സർക്കാർ ഇതുസംബന്ധിച്ച ഭൂപടം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതോടെ 300 ചതുരശ്രമീറ്റർ വരെയുള്ള വീടുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് നിർമ്മാണാനുമതി നേടാനാകും. CRZ II മേഖലയിൽ 1991ന് മുമ്പ് നിലവിലുണ്ടായിരുന്ന Floor Space Index (FSI) ആയിരുന്നു നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമായിരുന്നത്. ഈ കടുത്ത നിയന്ത്രണത്തിൽ നിന്നും പുതിയ പ്ലാൻ നിലവിൽ വരുന്നതോടെ ഇപ്പോൾ നിലനിൽക്കുന്ന എടക നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

പൊക്കാളി, കൈപ്പാട് കൃഷിപ്പാടങ്ങളിൽ 1991ന് മുമ്പുള്ള ബണ്ട് വേലിയേറ്റ രേഖയായി കണക്കാക്കി തീരദേശ നിയമ നിയന്ത്രണങ്ങൾ വേലിയേറ്റ രേഖ വരെയാക്കി ചുരുക്കിയിട്ടുണ്ട്. ഈ നടപടി ആയിരക്കണക്കിന് കൃഷിക്കാർക്ക് നേട്ടമാകും. സ്വകാര്യ ഭൂമിയിലെ കണ്ടൽക്കാടുകൾക്ക് ബഫർ സോൺ പൂർണ്ണമായും ഒഴിവാക്കി.

നിർമ്മാണ പ്രവർത്തനങ്ങൾക്ക് കടുത്ത നിയന്ത്രണമുണ്ടായിരുന്ന 66 പഞ്ചായത്തുകളിൽ ഇളവ് നേടിയെടുക്കാൻ കഴിഞ്ഞത് വലിയ നേട്ടമാണ്. നഗരസ്വഭാവമുള്ള 109 പഞ്ചായത്തുകൾക്ക് കൂടി ഈ ആനുകൂല്യം ലഭ്യമാക്കണമെന്ന് ഇതിനോടകം നിരവധി തവണ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

## 6 കനേഡിയൻ നയതന്ത്ര ഉദ്യോഗസ്ഥരെ പുറത്താക്കി; കടുപ്പിച്ച് ഇന്ത്യ

ന്യൂഡൽഹി : കാനഡയ്ക്കെതിരെ കടുത്ത നടപടിയിലേക്കു കടന്ന് ഇന്ത്യ. കാനഡയിലെ ഇന്ത്യൻ ഹൈക്കമ്മിഷണർ സഞ്ജയ് കുമാർ വർമയെ കേന്ദ്ര സർക്കാർ തിരിച്ചു വിളിച്ചു. ഇതിനൊപ്പം 6 കനേഡിയൻ നയതന്ത്ര ഉദ്യോഗസ്ഥരെ ഇന്ത്യ പുറത്താക്കി. ഹൈകമ്മിഷണർ ഉൾപ്പെടെ 6 ഇന്ത്യൻ നയതന്ത്ര ഉദ്യോഗസ്ഥരെ പുറത്താക്കിയെന്നു കാനഡ അറിയിച്ചതിനു പിന്നാലെയാണ് ഇന്ത്യയും സമാന നടപടി സ്വീകരിച്ചത്.

ഖലിസ്ഥാൻ തീവ്രവാദി ഹർദീപ് സിങ് നിജ്ജാറിന്റെ കൊലപാതകത്തിൽ ഇന്ത്യൻ ഹൈക്കമ്മിഷണർക്കെതിരെ കേസെടുക്കാനുള്ള കാനഡയുടെ നീക്കത്തിൽ പ്രതിഷേധിച്ചാണു കേന്ദ്ര സർക്കാരിന്റെ നടപടി. കാനഡയുടെ ആരോപണങ്ങൾ തള്ളിയും കടുത്ത ഭാഷയിൽ മറുപടി പറഞ്ഞും രംഗത്തെത്തിയതിനു പിന്നാലെയാണു കേന്ദ്ര നീക്കം. കനേഡിയൻ നയതന്ത്ര പ്രതിനിധിയെ വിദേശകാര്യ മന്ത്രാലയം വിളിച്ചുവരുത്തിയാണു നിലപാട് അറിയിച്ചത്.

നിജ്ജാർ വധത്തിൽ ഇന്ത്യൻ ഹൈക്കമ്മിഷണർ സംശയനിഴലിൽ ആണെന്നു കാനഡ കത്തയച്ചതിനു പിന്നാലെയാണു കേന്ദ്ര സർക്കാർ ശക്തമായ നിലപാട് സ്വീകരിച്ചത്. നിലവിലെ കനേഡിയൻ സർക്കാരിൽ വിശ്വാസം നഷ്ടപ്പെട്ടെന്നും നയതന്ത്ര ഉദ്യോഗസ്ഥരുടെ സുരക്ഷ ഉറപ്പാക്കാനാണു തിരിച്ചു വിളിക്കുന്നതെന്നും കേന്ദ്രം വ്യക്തമാക്കി.

”തീവ്രവാദത്തിന്റെയും അക്രമത്തിന്റെയും അന്തരീക്ഷത്തിൽ, ട്രൂഡോ സർക്കാരിന്റെ നടപടികൾ നയതന്ത്ര ഉദ്യോഗസ്ഥരുടെ സുരക്ഷയെ അപകടത്തിലാക്കുന്നുവെന്ന് പറയേണ്ടതുണ്ട്. ഇന്ത്യൻ ഹൈക്കമ്മിഷണറെയും കാനഡ സർക്കാർ ലക്ഷ്യമിട്ട മറ്റു നയതന്ത്രജ്ഞരെയും ഉദ്യോഗസ്ഥരെയും തിരിച്ചുവിളിക്കാൻ ഇന്ത്യൻ സർക്കാർ തീരുമാനിച്ചു” വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

## ഋഷിതുല്യജീവിതം നയിച്ച തീരത്തിന്റെ ഡോക്ടർ

**യേശുദാസ് വില്യം**

ആലുവിളയിൽ ജോസഫ് ഫ്രാങ്ക് എന്ന ശക്തികുളങ്ങര തീരത്തിന്റെ ആദ്യകാല ഡോക്ടർമാരിൽ പ്രിയപ്പെട്ട ഔസേപ്പ് ഡോക്ടർ വിടവാങ്ങി.ഡോക്ടർ എന്ന നിലയിൽ അർത്ഥപൂർണ്ണമായ ജീവിതം പൂർത്തിയാക്കിയാണ് വിടവാങ്ങൽ.ഒരു തവണയെങ്കിലും പനിയോ,ജലദോഷമോ,ചെവിവേദനയോ ആയിട്ടു ജോസഫ് ഡോക്ടറിന്റെ ആശുപത്രിയിൽ പോകത്തവർ ശക്തികുളങ്ങരയിൽ ചുരുക്കമായിരിക്കും.ഞാൻ തന്നെ എന്റെ പപ്പയുമായും,മമ്മായുമായും,അവസനം എന്റെ മകളുമായും പല തവണ ഡോക്ടർ ജോസഫ് ഫ്രാങ്കിന്റെ അടുത്തു പോയിട്ടുണ്ട്.

നമ്മുടെ ഡോക്ടർ എന്ന വിശ്വാസവും സ്നേഹവും അടുപ്പവുമൊക്കെ അനുഭവിച്ചറിയുവാനും കഴിഞ്ഞിട്ടുണ്ട്.ഇതിൽ പ്രധാനം പരസ്പരം അറിയുന്നവർ എന്നതു തന്നെയാണ്.ആ അറിവും അടുപ്പവും പങ്കുവെച്ചു കൊണ്ടു തന്നെയാണ് ഡോക്ടറുടെ പരിചരണവും. ഈ സമയത്തൊക്ക സ്ഥിരമായി ഡോക്ടറുടെ പരിചരണം തോടിയെത്തുന്ന തീരത്തെ പാവങ്ങളായ മുതിർന്ന മൽസ്യത്തൊഴിലാളികളെയും അവിടെ കണ്ടിട്ടുണ്ട്.



അറുപതുകളിൽ കേരളത്തിലെ തീരമേഖലകളിൽ മരുന്നിനുപോലും ഡോക്ടർമാരില്ലാതിരുന്ന കാലത്തു ശക്തികുളങ്ങരയിലെ സാധാരണ മൽസ്യത്തൊഴിലാളി കുടുംബത്തിൽ നിന്നും ഡോക്ടറായി പഠിച്ചിറങ്ങിയ ആളാണ് ജോസഫ് ഫ്രാങ്ക്. മകൻ ഡോക്ടറാവണമെന്ന ആഗ്രഹവും സ്വപ്നവും താങ്ങുവള്ളവും,വലയും സ്വന്തമായുണ്ടായിരുന്ന മൽസ്യത്തൊഴിലാളിയായ പിതാവ് ആലുവിളയിൽ ഫ്രാങ്ക് മോറീസിനുണ്ടായിരുന്നു. അക്കാലത്തെ ഇൻഡോ നോർവ്വീജിയൻ പദ്ധതിയുടെ സാമൂഹ്യസേവന വിഭാഗം ശക്തികുളങ്ങരയിൽ ആരോഗ്യ രംഗത്തു നടത്തുന്ന പ്രവർത്തനങ്ങൾ ഫ്രാങ്ക് മോറീസ് ശ്രദ്ധിച്ചിരുന്നു. പഠിക്കാൻ മിടുക്കനായ ജോസഫ് അപ്പന്റെ ആഗ്രഹം എല്ലാ അർത്ഥത്തിലും സഫലമാക്കി.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും എംബിബിഎസ് പൂർത്തിയാക്കി സർവ്വീസിൽ പ്രവേശിക്കുകയായിരുന്നു.ഇടക്കാലത്ത് ആഫ്രിക്കയിലും,മിഡിൽ ഈസ്റ്റിലും കുറഞ്ഞ കലയളവിൽ മാത്രം പ്രവർത്തിച്ചു. .വിദേശത്തു വൻ സാധ്യതകൾ നിലനിന്നിരുന്ന കാലത്ത് അതൊക്കെ വിട്ടറിഞ്ഞ് നാട്ടിലെ പ്രവർത്തനമേഖലയിൽ സജീവമായി. പിന്നീട് ഇവിടെ ഋഷിതുല്യമായ ആതുര സേവന ജീവിതം.

ഇന്നിപ്പോൾ നമ്മുടെ തീരത്ത് ഡോക്ടർമാരില്ലാത്ത കുടുംബങ്ങളില്ല.ആതുരസേവനത്തിന്റെ രീതികളും മാറി.എന്നാൽ തൊഴിലിനോടും,പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിനോടും പ്രതിബദ്ധത പുലർത്തിയ ഡോക്ടർ ജോസഫ് ഫ്രാങ്ക് ഈ രംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ച മാതൃകയാണ്.പുതിയ തലമുറ കണ്ടു പഠിക്കേണ്ട മാതൃക.



# ആദിവാസി യുവാവിനെ കുത്തിക്കൊന്ന കേസിൽ പ്രതി പിടിയിൽ

തൊടുപുഴ: വെള്ളിയാമറ്റം പൂച്ചപ്രയിൽ മദ്യപിച്ചുണ്ടായ തർക്കത്തെത്തുടർന്ന് ആദിവാസി യുവാവിനെ കുത്തിക്കൊലപ്പെടുത്തിയ പ്രതി പിടിയിൽ. പൂച്ചപ്ര വാളിയംപ്ലാക്കൽ ബാലൻ (കൃഷ്ണൻ 48) കുത്തേറ്റു മരിച്ച കേസിൽ ബന്ധുവായ വാളിയംപ്ലാക്കൽ ജയനെ (33) ആണ് കുളമാവ് പോലീസിന്റെ സഹായത്തോടെ കാഞ്ഞാർ എസ്ഐ ബൈജു പി. ബാബുവിന്റെ നേതൃത്വത്തിലുള്ള സംഘം ഇന്നു രാവിലെ അറസ്റ്റ് ചെയ്തത്.

പൂച്ചപ്ര സ്കൂളിനു സമീപം ശനിയാഴ്ച രാത്രി എട്ടോടെയായിരുന്നു സംഭവം. ബാലനെ കുത്തിയ ശേഷം ഒളിവിൽ പോയ ജയൻ കുളമാവിനു സമീപം കോഴിപ്പള്ളിയിലെ കാട്ടിൽ ഒളിവിൽ കഴിയുകയായിരുന്നു. സംഭവ ദിവസം ഇവർ രണ്ടുപേരും ഒന്നിച്ചു മദ്യപിച്ചതിനു ശേഷം പൂച്ചപ്രയിലൂടെ നടക്കുന്നത് നാട്ടുകാർ കണ്ടിരുന്നു.

പിന്നീട് പൂച്ചപ്ര സ്കൂളിന്റെ സമീപം കുത്തേറ്റ നിലയിലാണ് നാട്ടുകാർ ബാലനെ കണ്ടത്. വിവരമറിഞ്ഞെത്തിയ കാഞ്ഞാർ പോലീസ് ഇയാളെ തൊടുപുഴ ജില്ലാ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.

സംഘം ചേർന്ന് മദ്യപിച്ചതിനു ശേഷം ബാലനും ജയനും കൂടിയാണ് നടന്നു പോയതെന്ന് നാട്ടുകാർ പോലീസിനു മൊഴി നൽകിയിട്ടുണ്ട്. ഇതെത്തുടർന്നാണ് ജയനായി നാട്ടുകാരുടെ സഹായത്തോടെ പോലീസ് അന്വേഷണം ആരംഭിച്ചത്. രണ്ട് ദിവസം ഒളിവിൽ കഴിഞ്ഞ ശേഷമാണ് പ്രതി പോലീസിന്റെ പിടിയിലായത്.

മാസങ്ങൾക്കു മുമ്പും ബാലനെ ജയൻ ആക്രമിച്ചിരുന്നു. അന്നു കാലിനു മാരകമായി വെട്ടിപ്പരിക്കേൽപ്പിച്ചിരുന്നു. കോട്ടയം മെഡിക്കൽ കോളജിൽ ബാലിൻ ഏറെനാൾ ചികിത്സയിൽ കഴിഞ്ഞ ശേഷമാണ് വീട്ടിലെത്തിയത്. പിന്നീട് വീണ്ടും ഇരുവരും സൗഹൃദത്തിലാകുകയായിരുന്നു.

ജയൻ നിരവധി കേസുകളിൽ പ്രതിയാണെന്ന് പോലീസ് പറഞ്ഞു. പ്രതിയെ സംഭവ സ്ഥലത്തെത്തിച്ച് തെളിവെടുപ്പിനു ശേഷം കോടതിയിൽ ഹാജരാക്കും. ബാലന്റെ മൃതദേഹം ഇടുക്കി മെഡിക്കൽ കോളജിൽ പോസ്റ്റ്മോർട്ടത്തിനു ശേഷം ബന്ധുക്കൾക്ക് വിട്ടു നൽകും. ശാന്തകുമാരിയാണ് ഭാര്യ. മക്കൾ ശാലിനി, അനന്ദു.

# വെർച്ചൽ അറസ്റ്റിലാക്കി പണംതട്ടാൻ ശ്രമം; തട്ടിപ്പിൽനിന്നു രക്ഷപെട്ടെന്ന് നടി മാലാ പാർവതി

കോഴിക്കോട്: നടി മാലാ പാർവതിയെ വെർചൽ അറസ്റ്റിലാക്കി പണംതട്ടാൻ ശ്രമിച്ച് തട്ടിപ്പുസംഘം. മുംബൈ പോലീസിൽ നിന്നെന്ന വ്യാജേന ഫോൺ കോൾ വഴിയായിരുന്നു തട്ടിപ്പിനു ശ്രമം. കൊറിയറിൽ എംഡിഎംഎ കടത്തിയെന്ന പേരിലായിരുന്നു കോൾ വന്നത്.

മുംബൈ ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥൻ എന്ന വ്യാജേന ഐഡി കാർഡ് അടക്കം കൈമാറി. എന്നാൽ ഐഡി കാർഡിൽ അശോക സ്തംഭം കാണാതിരുന്നതിനെ തുടർന്ന് സംശയം തോന്നിയതാണ് തട്ടിപ്പിൽ നിന്ന് രക്ഷപ്പെടാൻ സഹായിച്ചത്. പോലീസിൽ പരാതിനൽകുമെന്ന് അറിയിച്ചതോടെ തട്ടിപ്പുകാർ മുങ്ങി. പണം നഷ്ടപ്പെട്ടിട്ടില്ലെന്നും മാലാ പാർവതി മാധ്യമങ്ങളോടു പറഞ്ഞു.

മധുരയിൽ തമിഴ് സിനിമയുടെ ഷൂട്ടിംഗിലായിരുന്നു. രാത്രി മുഴുവൻ സിനിമയുടെ ഷൂട്ടായിരുന്നു. പത്ത് മണിക്കാണ് കോൾ വന്നത്. ഡിഎച്ചിൽ നിന്ന് ഒരു പാഴ്!സൽ തടഞ്ഞുവെവെന്ന് പറയുകയായിരുന്നു അവർ. മുമ്പ് എനിക്ക് ഇത് സംഭവിച്ചിട്ടുണ്ട്. യുകെയിൽ നിന്ന് ഒരു പാഴ്!സൽ വന്നപ്പോൾ, കസ്റ്റംസ് തടഞ്ഞുവെച്ചു എന്ന് എന്നോട് പറയുകയും പൈസ അടക്കുകയും ചെയ്!തിട്ടുണ്ട്. അത് ഓർമയിലുള്ളതിനാൽ ഇത് സത്യമായിരിക്കുമെന്ന് താൻ വിചാരിച്ചെന്ന് നടി പറഞ്ഞു.

കസ്റ്റമർ കെയർ ഫോൺ കണക്ടായി. വിക്രം സിംഗെന്ന ഒരു മനുഷ്യനാണ് തന്നോട് സംസാരിച്ചത്. വളരെ വിശ്വസനീയമായിട്ടാണ് തന്നോട് സംസാരിച്ചത്. നിങ്ങളുടെ ആധാർ കാർഡ് ദുരുപയോഗപ്പെടുത്തിയെന്ന് പറഞ്ഞു അയാൾ. തായ്!വാനിലേക്ക് ഇങ്ങനെ ഒരു കൊറിയർ തന്റെ പേരിൽ പോയിട്ടുണ്ട് എന്നും വ്യക്തമാക്കി. ഇത് വലിയ ഒരു തട്ടിപ്പാണെന്നും പറഞ്ഞു അവർ. വേണമെങ്കിൽ പരാതി പറയുന്നത് നല്ലതായിരിക്കും. ഇത് അന്വേഷിക്കുന്ന ഒരു സംഘമുണ്ടെന്നും പറഞ്ഞു അവർ.

അങ്ങനെ പോലീസിലേക്ക് ഫോൺ കണക്ടാക്കി. പ്രകാശ് കുമാർ ഗുണ്ടുവാണ് അപ്പോൾ തന്നോട് സംസാരിച്ചത്. ആധാർ കാർഡ് ആർക്കെങ്കിലും നൽകിയിരുന്നോവെന്ന് ചോദിച്ചു അയാൾ. ഞാൻ ആധാർ കാർഡാണ് ഐഡിയായി സിനിമാ ആവശ്യങ്ങൾക്കടക്കം ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കി. അങ്ങനെ ആധാർ കാർഡ് ആർക്കും ഒരിക്കലും നൽകരുതെന്ന് അയാൾ തന്നോട് നിർദേശിച്ചു.

ആധാർ ഉപയോഗിച്ച് തട്ടിപ്പ് നടത്തുന്നുണ്ട്. മുംബൈ ക്രൈംബ്രാഞ്ചാണെന്ന് താൻ ഉറപ്പിക്കുന്നതെങ്ങനെയെന്ന് ചോദിച്ചിരുന്നു ഞാൻ. അപ്പോൾ ഐഡി തനിക്ക് അയച്ചു. ഇപ്പോൾ മുംബൈയിലേക്കു വരൂ നിങ്ങളെന്നും പറഞ്ഞു അയാൾ. സിനിമാതിരക്കിലാണ് തനിക്ക് ഇപ്പോൾ വരാനാകില്ല എന്ന് ഞാൻ വ്യക്തമാക്കുകയും ചെയ്!തു. കുറച്ച് സമയം തങ്ങളോട് സഹകരിക്കണമെന്ന് പറയുകയായിരുന്നു അപ്പോൾ അയാൾ.

ലൈവിൽ നിൽക്കണം. നിങ്ങളുടെ സുരക്ഷയ്!ക്കാണ് ഇത് ചെയ്യുന്നത്. ഇത് മറ്റുള്ളവരോട് പറയുന്നത് അപകടമാണ്. ഇങ്ങനെ പുറത്തുപറഞ്ഞതിനാൽ ഒരാൾ കൊല്ലപ്പെടുകയും ചെയ്!തിട്ടുണ്ട്. ഇത് ഭയങ്കര ഒരു റാക്കറ്റാണ്. 12 സംസ്ഥാനങ്ങളിൽ തന്റെ പേരിൽ തട്ടിപ്പുകാർ വിവിധ ബാങ്ക് അക്കൗണ്ടുകൾ നിയമവിരുദ്ധമായി തുടങ്ങിയിട്ടുണ്ട് എന്നും അയാൾ വ്യക്തമാക്കി. കോടിക്കണക്കിന് രൂപ തന്റെ പേരിൽ തട്ടിപ്പുകാർ കൈമാറ്റം ചെയ്!തിട്ടുണ്ട് എന്നും അയാൾ പറഞ്ഞു.

വാട്!സാപ്പിലാണ് സംസാരിച്ചുകൊണ്ടിരുന്നത്. അറസ്റ്റിലായ ആളുടെ ഫോട്ടോ അയച്ചുതന്നിരുന്നു. നിയമവിരുദ്ധമായി പണം വന്നിട്ടുണ്ടോ എന്ന് ചോദിച്ചു അവർ. ഇല്ല എന്ന് പറഞ്ഞു ഞാൻ. നിങ്ങളുടെ ബാങ്കുകൾ ഏതൊക്കെ എന്നും ചോദിച്ചു അവർ. 72 മണിക്കൂർ താൻ നിരീക്ഷണത്തിലാണെന്ന് അവർ പറഞ്ഞെന്നും മാലാ പാർവതി കൂട്ടിച്ചേർത്തു.

ഫോൺ അവർ ഹോൾഡ് ചെയ്യുകയായിരുന്നു. അന്നേരം ഗൂഗിളിൽ താൻ അവരെ കുറിച്ച് തിരഞ്ഞു. കാരണം ഐഡിയിൽ അശോക സ്!തംഭമില്ലായിരുന്നു. അത് ട്രാപ്പാണെന്ന് പറയുന്നുണ്ടായിരുന്നു മാനേജരും. പ്രകാശ് കുമാർ ഗുണ്ടുവിന്റെ പേരിൽ ഒരു ടീറ്റ് വായിച്ചിട്ടുണ്ടായിരുന്നു നേരത്തെ ഞാൻ. എക്സിക്യൂട്ടീവ് പ്രൊഡ്യൂസർക്ക് ഫോൺ കൊടുത്തു. അപ്പോൾ അവർ കട്ട് ചെയ്!തു. അവർ പണം ചോദിച്ചിട്ടില്ല എന്നോട്. അവർ പിന്നീട് തന്നെ വിളിച്ചിട്ടില്ല. പണം നഷ്!ടപ്പെട്ടിട്ടില്ല. പക്ഷേ പണം ആർക്കെങ്കിലും നഷ്!ടപ്പെട്ടിട്ടുണ്ടാകില്ലേ. ഇതിന് പരാതിപ്പെടാൻ ഒരു പ്രതിവിധിയില്ല. അതാണ് കഷ്!ടമെന്നും നടി പറഞ്ഞു.

# ദുരന്തബാധിതർക്ക് കേന്ദ്രം അടിയന്തരസഹായം നൽകണം; നിയമസഭ ഐകകണ്ഠേന പ്രമേയം പാസാക്കി

തിരുവനന്തപുരം: വയനാട് ദുരന്തത്തിൽ കേന്ദ്ര സഹായം ആവശ്യപ്പെട്ടുള്ള പ്രമേയം പാസാക്കി നിയമസഭ. ഐകകണ്ഠേനയാണ് പ്രമേയം പാസാക്കിയത്. ഇതുവരെ കേന്ദ്രം സഹായം നൽകാത്തത് ഖേദകരമാണെന്ന് പ്രമേയത്തിൽ പറയുന്നു.

വയനാട് ദുരന്തബാധിതർക്കുള്ള കേന്ദ്രത്തിന്റെ ധനസഹായം അടിയന്തരമായി നൽകണം. ദുരന്തബാധിതരുടെ വായ്പകൾ പൂർണമായി എഴുതിതള്ളാൻ കേന്ദ്ര സഹായം വേണം. ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടലിനെ അതിതീവ്ര പ്രകൃതി ദുരന്തം എന്ന പട്ടികയിൽ ഉൾപ്പെടുത്താൻ കേന്ദ്രം തയാറാകണമെന്നും പ്രമേയം ആവശ്യപ്പെടുന്നുണ്ട്.

അടിയന്തരപ്രമേയ ചർച്ചയ്ക്ക് പിന്നാലെയാണ് സഭ പ്രമേയം പാസാക്കിയത്. പ്രധാനമന്ത്രി വയനാട്ടിൽ വന്നത് ഫോട്ടോ ഷൂട്ടിനാണോയെന്ന് ജനം ചോദിക്കുന്നെന്ന് അടിയന്തരപ്രമേയം അവതരിപ്പിച്ച ടി.സിദ്ദിഖ് പറഞ്ഞു. കേന്ദ്ര സഹായം വൈകുന്നതിനെതിരേ മറ്റ് ഭരണപ്രതിപക്ഷ അംഗങ്ങളും വിമർശനം ഉന്നയിച്ചു.

പ്രധാനമന്ത്രി വന്നിട്ടും അഞ്ചുപൈസ കേന്ദ്രം നൽകിയില്ലെന്ന് കെ.കെ.ശൈലജ പറഞ്ഞു. കേന്ദ്ര സഹായം ഇതുവരെ കിട്ടാത്തത് ഗുരുതരമായ വിഷയമാണെന്നും ഇതിനായി സർക്കാർ ശക്തമായ സമ്മർദം ചെലുത്തണമെന്നും പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ആവശ്യപ്പെട്ടു.

മെമ്മറാണ്ടം സമർപ്പിട്ടും പ്രത്യേക കേന്ദ്ര സഹായം വൈകുകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. വൈകാതെ പണം കിട്ടുമെന്ന് തന്നെയാണ് പ്രതീക്ഷയെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

## കോഴിക്കോട്ട് സ്വകാര്യ ബസുകൾ കൂട്ടിയിടിച്ച് നിരവധി പേർക്ക് പരിക്ക്

കോഴിക്കോട്: അത്തോളിയിൽ സ്വകാര്യ ബസുകൾ കൂട്ടിയിടിച്ച് നിരവധി പേർക്ക് പരിക്ക്. ഇന്ന് ഉച്ചയ്ക്ക് അത്തോളിക്കടുത്ത് കോളിയോട്ടുതാഴത്താണ് അപകടമുണ്ടായത്.

പരിക്കേറ്റവരെ ഉള്ള്യേരിയിലെ സ്വകാര്യ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കോഴിക്കോട്ടു നിന്നും കുറ്റ്യാടിയിലേക്ക് പോയ ബസും എതിർ ദിശയിലെത്തിയ ബസുമാണ് കൂട്ടിയിടിച്ചത്.

അപകടത്തിൽ നാല് പേർക്ക് ഗുരുതരമായി പരിക്കേറ്റു. രണ്ട് ബസുകളിലായും നാപ്പതിലധികം പേരുണ്ടായിരുന്നതായാണ് പ്രാഥമിക വിവരം. അപകടത്തിന്റെ കാരണം വ്യക്തമല്ല.

## കമ്മീഷൻ ഉത്തരവ് ഭരണഘടനാ ലംഘനം: മുസ്‌ലിം ജമാ അത്ത്

കോഴിക്കോട്: രാജ്യത്തെ മദ്രസകൾ അടച്ചുപൂട്ടണമെന്ന ദേശീയ ബാലാവകാശ കമ്മീഷന്റെ ഉത്തരവ്, ഭരണഘടന ഉറപ്പുനൽകുന്ന തുല്യതയിലും മതസ്വാതന്ത്ര്യത്തിന്മേലുമുള്ള നഗ്നമായ കടന്നാക്രമണമാണെന്നു കേരള മുസ്‌ലിം ജമാ അത്ത് സംസ്ഥാന കാബിനറ്റ് പ്രസ്താവനയിൽ പറഞ്ഞു.

ഇത്തരം സ്ഥാപനങ്ങളെ ബാലാവകാശ കമ്മീഷന്റെ മറവിൽ അടച്ചുപൂട്ടാനുള്ള കേന്ദ്രസർക്കാർ നീക്കം അത്യന്തം പ്രകോപനപരവും രാജ്യത്തു നിലനിൽക്കുന്ന ജനാധിപത്യ അവകാശങ്ങളുടെ പച്ചയായ ലംഘനവുമാണ്. നിലവിലുള്ള സംരംഭങ്ങളിൽ എന്തെങ്കിലും കുറവുകളോ പാളിച്ചകളോ ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ ആവശ്യമായ ഇടപെടലാണു കേന്ദ്രസർക്കാരിൽനിന്നു സമൂഹം പ്രതീക്ഷിക്കുന്നത്.

യോഗത്തിൽ കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാർ അധ്യക്ഷത വഹിച്ചു. സയ്യിദ് ഇബ്രാഹിം ഖലീൽ ബുഖാരി, കെ.കെ. അഹമ്മദ് കുട്ടി മുസ്‌ലിയാർ കട്ടിപ്പാറ, സി. മുഹമ്മദ് ഫൈസി, പേരോട് അബ്ദു റഹ്മാൻ സഖാഫി തുടങ്ങിയവർ സംബന്ധിച്ചു.

## എൽ.ബി.എസിൽ സ്‌പോട്ട് അഡ്മിഷൻ

തിരുവനന്തപുരം എൽബിഎസ് സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൂജപ്പുര എൽബിഎസ് വനിത എൻജിനിയറിങ് കോളേജിൽ എം.ടെക് കോഴ്‌സ്, ബി.ടെക് സിവിൽ എൻജിനിയറിങ് ബ്രാഞ്ചിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സ്‌പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപര്യമുള്ളവർ ഒക്ടോബർ 17 രാവിലെ 9.30 ന് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9895983656/9995595456/9497000337/7907783153.

## വിദേശപഠനത്തിന് സ്‌കോളർഷിപ്പ്

സംസ്ഥാനത്തെ ഒബിസി വിഭാഗം വിദ്യാർഥികൾക്ക് വിദേശ പഠനം നടത്തുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സ്‌കോളർഷിപ്പ് നൽകുന്ന ഓവർസീസ് സ്‌കോളർഷിപ്പ് പദ്ധതി പ്രകാരം 202425 വർഷം അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 25 വരെ നീട്ടി. അപേക്ഷകൾ https://egratnz.kerala.gov.in എന്ന വെബ് പോർട്ടലിലൂടെ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയവുമായി ബന്ധപ്പെടുക. ഫോൺ: 04712727379.

## എം.ഫാം കോഴ്‌സ്: ഓൺലൈനായി അപേക്ഷിക്കാം

കേരളത്തിലെ സർക്കാർ ഫാർമസി കോളേജുകളിലേയ്ക്കും സ്വാശ്രയ ഫാർമസി കോളേജുകളിലെ സർക്കാർ മെറിറ്റ് സീറ്റുകളിലേയ്ക്കും 202425 അധ്യയന വർഷത്തെ എം.ഫാം കോഴ്‌സിലേയ്ക്കുള്ള പ്രവേശനത്തിനായി 2023 ലെയും 2024 ലെയും ഗ്രാജ്വേറ്റ് ഫാർമസി ആപ്റ്റിറ്റിയൂഡ് ടെസ്റ്റ് (G PAT) പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു. യോഗ്യത നേടിയിട്ടുള്ള സർവ്വീസ് വിഭാഗക്കാർക്കും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ൦൦൦.രലല.സല്യമഹമ.ഴീ.ശി വെബ്‌സൈറ്റിലൂടെ ഒക്ടോബർ 16 ന് വൈകുന്നേരം 3.00 മണിവരെ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാം. അപ്‌ലോഡ് ചെയ്യുന്ന രേഖകളുടെ അസ്സൽ പകർപ്പുകൾ അഡ്മിഷൻ സമയത്ത് ബന്ധപ്പെട്ട കോളേജുകളിൽ ഹാജരാക്കണം. ഫോൺ: 0471 2525300.

## ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി. കോഴ്‌സ്: ഒന്നാംഘട്ട അന്തിമ അലോട്ട്‌മെന്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ നാല് ഗവൺമെന്റ് ലോ കോളേജുകളിലെ മുഴുവൻ സീറ്റുകളിലേക്കും 23 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെ സർക്കാർ സീറ്റുകളിലേക്കുമുള്ള ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി. കോഴ്‌സ് പ്രവേശനത്തിനുള്ള ഒന്നാംഘട്ട അന്തിമ അലോട്ട്‌മെന്റ് www.cee.kerala.gov.in വെബ്‌സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്‌മെന്റ് ലഭിച്ച വിദ്യാർഥികൾ അലോട്ട്‌മെന്റ് മെമ്മോയും പ്രോസ്‌പെക്ടസ് ക്ലാസ് 19 ൽ പറയുന്ന അസൽ രേഖകളും സഹിതം ഒക്ടോബർ 22 ന് വൈകുന്നേരം 3 മണിക്കുള്ളിൽ ബന്ധപ്പെട്ട കോളേജിൽ നേരിട്ട് ഹാജരായി അഡ്മിഷൻ നേടണം. മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ ഒക്ടോബർ 18 മുതൽ 22 വൈകുന്നേരം 3 മണിവരെയാണ് പ്രവേശനം നടത്തുന്നത്. വിശദവിവരങ്ങൾക്ക് വെബ്‌സൈറ്റിലെ വിജ്ഞാപനം കാണുക. ഫോൺ: 0471 2525300.

## എൽ.എൽ.ബി.: ഒന്നാംഘട്ട കേന്ദ്രീകൃത അന്തിമ അലോട്ട്‌മെന്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ നാല് ഗവൺമെന്റ് ലോ കോളേജുകളിലെ മുഴുവൻ സീറ്റുകളിലേക്കും 12 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെ സർക്കാർ സീറ്റുകളിലേക്കും ത്രിവത്സര എൽ.എൽ.ബി കോഴ്‌സ് പ്രവേശനത്തിനുള്ള ഒന്നാംഘട്ട അന്തിമ അലോട്ട്‌മെന്റ് www.cee.kerala.gov.in വെബ്‌സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്‌മെന്റ് ലഭിച്ച വിദ്യാർഥികൾ അലോട്ട്‌മെന്റ് മെമ്മോയും പ്രോസ്‌പെക്ടസ് ക്ലാസ് 19 ൽ പറയുന്ന അസൽ രേഖകളും സഹിതം ഒക്ടോബർ 22 ന് വൈകുന്നേരം 3 മണ ിക്കുള്ളിൽ ബന്ധപ്പെട്ട കോളേജിൽ നേരിട്ട് ഹാജരായി അഡ്മിഷൻ നേടണം. മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ ഒക്ടോബർ 18 മുതൽ 22 വൈകുന്നേരം 3 മണിവരെയാണ് പ്രവേശനം നടത്തുന്നത്. വിശദവിവരങ്ങൾക്ക് വെബ്‌സൈറ്റിലെ വിജ്ഞാപനം കാണുക. ഫോൺ: 0471 2525300.

## എൽഎൽബി: താത്ക്കാലിക അലോട്ട്‌മെന്റ് പ്രിസിദ്ധീകരിച്ചു

202425 അധ്യയന വർഷത്തെ ത്രിവത്സര എൽ.എൽ.ബി. കോഴ്‌സുകളിലേക്കുള്ള ഒന്നാംഘട്ട കേന്ദ്രീകൃത താത്ക്കാലിക അലോട്ട്‌മെന്റ് ലിസ്റ്റ് www.cee.kerala.gov.in വെബ്‌സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിശദ വിവരങ്ങൾക്ക് വെബ്‌സൈറ്റ് സന്ദർശിക്കുക. ഫോൺ: 04712525300.

## പി.ജി നഴ്‌സിങ്: ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നൽകാം

2024 ലെ പി.ജി നഴ്‌സിങ് കോഴ്‌സിലേയ്ക്കുള്ള രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്‌മെന്റിന് പരിഗണിക്കുന്നതിന് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നൽകാം. ഓപ്ഷൻ കൺഫർമേഷൻ / പുന:ക്രമീകരണം / ഒഴിവാക്കൽ എന്നിവയ്ക്കുള്ള നടപടിക്രമങ്ങൾ ഒക്ടോബർ 16ന് ഉച്ചയ്ക്ക് 2 മണി വരെ www.cee.kerala.gov.in വെബ്‌സൈറ്റിൽ ലഭിക്കും. ലഭിക്കുന്ന ഓപ്ഷനുകൾ അടിസ്ഥാനമാക്കി താൽക്കാലിക അലോട്ട്‌മെന്റ് അന്നേദിവസം പ്രസിദ്ധീകരിക്കും. വിശദവിവരങ്ങൾക്ക്: www.cee.kerala.gov.in, ഫോൺ: 04712525300.

## കെൽട്രോണിൽ ഡിപ്ലോമ കോഴ്‌സ്

കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന്റെ ആയുർവേദ കോളേജ് നോളഡ്ജ് സെന്ററിൽ ഡിപ്ലോമ ഇൻ ജിഎസ്ടി ലോ ആൻഡ് പ്രൊസീജേഴ്‌സ് കോഴ്‌സിലേക്ക് അപേക്ഷ ക്ഷണിച്ചു. ജിഎസ്ടിക്കു പുറമെ ഫിനാൻഷ്യൽ അക്കൗണ്ടിങ് ടാലി ജിഎസ്ടി അക്കൗണ്ടിങ്ങും കോഴ്‌സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് കെൽട്രോൺ നോളഡ്ജ് സെന്റർ രണ്ടാം നില, റാംസാമ്രാട്ട് ബിൽഡിങ്, ധർമ്മാലയം റോഡ്, ആയുർവേദ കോളേജ്, തിരുവനന്തപുരം എന്ന വിലാസത്തിലോ 04714062500, 8078097943, 8086691088 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടണം.

## സുരക്ഷാജാലകം: രചനകൾ ക്ഷണിക്കുന്നു

2025 വർഷത്തെ ദേശീയ സുരക്ഷാ ദിനത്തോടനുബന്ധിച്ച് കേരള സർക്കാർ ഫാക്ടറീസ് ആൻഡ് ബോയിലേഴ്‌സ് വകുപ്പ് പ്രസിദ്ധീകരിക്കുന്ന 'സുരക്ഷാജാലകം' മാഗസിനിലേക്ക് ഫാക്ടറി തൊഴിലാളികളിൽ നിന്നും രചനകൾ ക്ഷണിക്കുന്നു. തൊഴിൽ സുരക്ഷയും ആരോഗ്യവും സംബന്ധിച്ച രചനകൾ surakshajalakamfab@gmail.com എന്ന ഇമെയിൽ വിലാസത്തിൽ നവംബർ 15 ന് മുമ്പായി സമർപ്പിക്കണം. രചനകൾ സമർപ്പിക്കുന്നവർക്ക് ഇസർട്ടിഫിക്കറ്റ് നൽകും. വിശദവിവരങ്ങൾക്ക് :www.fabkerala.gov.in, ഫോൺ: 0471 2441597.

## അലോട്ട്‌മെൻറ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ സർക്കാർ ആയുർവേദ കോളേജുകളിലെയും സ്വാശ്രയ ആയുർവേദ കോളേജുകളിലെയും 2024 ലെ ആയുർവേദ കോഴ്‌സുകളിലെ സംസ്ഥാന ക്വോട്ടാ സീറ്റുകളിലേക്കുള്ള രണ്ടാംഘട്ട താത്ക്കാലിക അലോട്ട്‌മെന്റ് ലിസ്റ്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു.

ലിസ്റ്റ് സംബന്ധിച്ച പരാതികളുണ്ടെങ്കിൽ ceekinfo.cee@kerala.gov.in എന്ന ഇമെയിലിൽ ഒക്ടോബർ 15ന് ഉച്ചയ്ക്ക് രണ്ട് മണിക്കുള്ളിൽ അറിയിക്കണം. സാധുവായ പരാതികൾ പരിഹരിച്ചശേഷം അന്തിമ അലോട്ട്‌മെന്റ് പ്രസിദ്ധീകരിക്കും. വിശദവിവരങ്ങൾക്ക്: www.cee.kerala.gov.in, 04712525300.

## ബി.ടെക്: സ്‌പോട്ട് അഡ്മിഷൻ

കണ്ണൂർ ഗവ. എൻജിനിയറിങ് കോളജിൽ 202425 അധ്യയന വർഷത്തിലെ ബി.ടെക് അഡ്മിഷന്റെ ഭാഗമായി നിലവിലുള്ളതും ഉണ്ടാവാൻ സാധ്യതയുള്ളതുമായ ഒഴിവുകളിലേക്ക് സ്‌പോട്ട് അഡ്മിഷൻ നടത്തും. താത്പര്യമുള്ളവർ യോഗ്യത സർട്ടിഫിക്കറ്റുകളുമായി ഒക്ടോബർ 18 രാവിലെ 10.30ന് കോളജിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് കോളജ് വെബ്‌സൈറ്റ് സന്ദർശിക്കുക.

## പി.ജി. ഹോമിയോ കോഴ്‌സ് : രണ്ടാംഘട്ട താത്ക്കാലിക അലോട്ട്‌മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ സർക്കാർ ഹോമിയോ കോളേജുകളിലെയും സ്വാശ്രയ ഹോമിയോ കോളേജുകളിലെയും 2024 ലെ ഹോമിയോ കോഴ്‌സുകളിലെ സംസ്ഥാന ക്വോട്ടാ സീറ്റുകളിലേക്കുള്ള രണ്ടാംഘട്ട താത്ക്കാലിക അലോട്ട്‌മെന്റ് ലിസ്റ്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. ലിസ്റ്റ് സംബന്ധിച്ച പരാതികളുണ്ടെങ്കിൽ രലലസശിളീ.രലല@സല്യമഹമ.ഴീ.ശി എന്ന ഇമെയിലിൽ ഒക്ടോബർ 15 ഉച്ചയ്ക്ക് 2 മണിക്കുള്ളിൽ അറിയിക്കണം. സാധുവായ പരാതികൾ പരിഹരിച്ചശേഷം അന്തിമ അലോട്ട്‌മെന്റ് പ്രസിദ്ധീകരിക്കും. വിശദ വിവരങ്ങൾക്ക്: www.cee.kerala.gov.in, 0471-2525300.

## സീനിയർ റസിഡന്റ് അഭിമുഖം

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ജനറൽ മെഡിസിൻ, റേഡിയോഡയഗ്നോസിസ് വിഭാഗങ്ങളിൽ സീനിയർ റസിഡന്റ് തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനത്തിന് ഒക്ടോബർ 18ന് രാവിലെ 11ന് അഭിമുഖം നടത്തും.

അതത് വിഭാഗത്തിലെ പി.ജിയും ടി.സി.എം.സി രജിസ്ട്രേഷനുമാണ് യോഗ്യത. പ്രതിമാസ വേതനം 73,500 രൂപ. താൽപര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, മുൻപരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം കോളേജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ ഹാജരാകണം.

## ഫിസിയോതെറാപിസ്റ്റ് ഒഴിവ്

കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആശുപത്രി വികസന സൊസൈറ്റിയിലേക്ക് താത്കാലിക അടിസ്ഥാനത്തിൽ ഫിസിയോതെറാപിസ്റ്റ് തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഫിസിയോതെറാപ്പിയിലുള്ള ബിരുദമാണ് യോഗ്യത. ഫിസിയോതെറാപ്പി ഡിപ്ലോമയുള്ളവരെയും പരിഗണിക്കും. മൂന്നു വർഷത്തെ പ്രവൃത്തിപരിചയം അഭികാമ്യം. വേതനം 17000 രൂപ.

## ഡയാലിസിസ് ടെക്നീഷ്യൻ ഒഴിവ്

കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാസ്പ് സ്കീമിലേയ്ക് താത്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ഡയാലിസിസ് ടെക്നീഷ്യൻ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. സർക്കാർ സ്ഥാപനങ്ങളിലോ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിലോ ഡയാലിസിസ് ടെക്നീഷ്യൻ കോഴ്‌സിൽ ഡിപ്ലോമയോ ഡിഗ്രിയോ ഉണ്ടായിരിക്കണം. രജിസ്ട്രേഷനും 1 വർഷത്തെ പ്രവൃത്തി പരിചയവും അഭികാമ്യം. താത്പര്യമുള്ള ഉദ്യോഗാർഥികൾക്ക് തപാൽ മുഖേനയോ ഓഫീസിൽ നേരിട്ട് ഹാജരായോ അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷകൾ സമർപ്പിക്കാവുന്ന അവസാന തീയതി ഒക്ടോബർ 16 വൈകിട്ട് 5 മണി.

ഇന്റർവ്യൂ തീയതി കൊല്ലം സർക്കാർ മെഡിക്കൽ കോളേജിന്റെ വെബ്‌സൈറ്റിൽ (www.gmckollam.edu.in) {പസിദ്ധീകരിക്കും. അപേക്ഷകർ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, വയസ് എന്നിവ തെളിയിക്കുന്ന അസൽ രേഖകളും പകർപ്പുകളും സഹിതം ആശുപത്രി സൂപ്രണ്ടിന്റെ കാര്യാലയിത്തിൽ അഭിമുഖത്തിന് ഹാജരാകണം.

# ദുബായ് ജൈടെക്സ് എക്സ്പോയിൽ കേരളത്തിലെ 27 സ്റ്റാർട്ടപ്പുകൾ

തിരുവനന്തപുരം: ലോകത്തിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് സമ്മേളനമായ ദുബായ് ജൈടെക്സ് ഗ്ലോബൽ എക്സ്പോയിൽ തിളങ്ങി കേരള സ്റ്റാർട്ടപ്പ് മിഷൻറെ ഭാഗമായ 27 സ്റ്റാർട്ടപ്പുകൾ. ദുബായ് വേൾഡ് ട്രേഡ് സെൻററിൽ ആരംഭിച്ച ജൈടെക്സ് ഗ്ലോബലിലെ ജൈടെക്സ് നോർത്ത് സ്റ്റാർ എന്ന സ്റ്റാർട്ടപ്പ് പരിപാടിയിലാണ് സ്റ്റാർട്ടപ്പുകൾ പങ്കെടുക്കുന്നത്.




*ദുബായ് ജൈടെക്സ് ഗ്ലോബലിൻറെ ഭാഗമായുള്ള ജൈടെക്സ് നോർത്ത് സ്റ്റാർ എക്സ്പോയിൽ പങ്കെടുക്കുന്ന കേരള സ്റ്റാർട്ടപ്പ് മിഷൻ പ്രതിനിധി സംഘം.*

ബിസിനസ്, നിക്ഷേപ സാധ്യതകൾ മുന്നിൽക്കണ്ട് ലോകമെമ്പാടുമുള്ള നൂതന ഉത്പന്നങ്ങൾ, സാങ്കേതിക വൈദഗ്ധ്യം, സുസ്ഥിര ആശയങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ്നിക്ഷേപ പരിപാടിയാണ് എക്സ്പാൻഡ് നോർത്ത് സ്റ്റാർ. ദുബായ് ചേംബർ ഓഫ് ഡിജിറ്റൽ ഇക്കണോമിയുടെ നേതൃത്വത്തിലാണ് എക്സ്പോ സംഘടിപ്പിക്കുന്നത്.

ജൈടെക്സിൻറെ നാല്പത്തിനാലാമത് പതിപ്പിൽ നൂറിലധികം രാജ്യങ്ങളിൽ നിന്നായി 1,800ലധികം സ്റ്റാർട്ടപ്പുകളും 1,200 നിക്ഷേപകരും പങ്കെടുക്കുന്നുണ്ട്. ഒക്ടോബർ 13 ന് ആരംഭിച്ച എക്സ്പോ 16 ന് സമാപിക്കും.

കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് വാണിജ്യനിക്ഷേപ അവസരങ്ങൾ നേടാനാകുന്നതിനൊപ്പം സംരംഭങ്ങൾ വിപുലീകരിക്കുന്നതിനും ജൈടെക്സിലൂടെ സാധിക്കുമെന്ന് കെഎസ് യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു. സ്റ്റാർട്ടപ്പുകൾക്ക് ലഭിക്കുന്ന ചലനാത്മകവും ശക്തവുമായ പ്ലാറ്റ് ഫോം കൂടിയാണിത്.

നൂതന ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനൊപ്പം ഗൾഫിലെ നിക്ഷേപകരുമായി ബന്ധമുറപ്പിക്കാൻ ഇത് സഹായകമാകും. ദുബായിൽ കെഎസ് യുഎം സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെൻററുള്ളത് കൊണ്ട് പശ്ചിമേഷ്യൻ രാജ്യങ്ങളുമായി ബന്ധം സ്ഥാപിക്കുന്നതിനു കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് അവസരം ലഭിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സർവേസ്പാരോ, കോഡിലാർ, ഡ്രീംലൂപ്പ് എഐ, എക്സ് ആർ ഹൊറൈസൺ, ഫ്ളോ ഫ്ളെക്സ്, റോഡിമേറ്റ്, എഡ്യുപോർട്ട്, എക്സ്പ്രസ്ബേസ്, സീറോവാട്ട്, ട്രവിഡക്സ് ടെക്നോളജീസ്, പാപ്പിജോ, ബില്യൺലൈവ്സ്, സാസ് ഓർഡർ, അപ്ബഫ് ടെക്നോളജീസ്, റൂമിൻഡോ, എലൻസ് ലേണിംഗ്, ഓട്ടോഹോം ഓട്ടോമേഷൻസ്, ഫിൻടെക്കിസം, സ്റ്റഡിജാം, കോൺടാക്റ്റോ, കോഡ് സാപ്പ് ടെക്നോളജീസ്, ലൈവ് ടു സ്മൈൽ, വെൻറപ്പ്, ഡോക്ടർ അസിസ്റ്റ് എഐ, ആർക്കെല്ലിസ്, എക്സ്പ്ലോർ, എക്സ്ബോസൺ എഐ, സ്റ്റെം എക്സ്പെർട്ട് എന്നീ സ്റ്റാർട്ടപ്പുകളാണ് കേരളത്തിൽ നിന്ന് എക്സ്പോയുടെ ഭാഗമാകുന്നത്.

ജൈടെക്സ് നോർത്ത് സ്റ്റാറിൻറെ ഭാഗമായി നടക്കുന്ന സൂപ്പർനോവ ചലഞ്ചിലും കേരളത്തിലെ സ്റ്റാർട്ടപ്പുകൾ പങ്കെടുക്കുന്നുണ്ട്. സംരംഭകർക്ക് നൂതനാശയങ്ങൾ പ്രദർശിപ്പിക്കാൻ അവസരമൊരുക്കുന്ന സൂപ്പർനോവ ചലഞ്ചിലേക്ക് കേരളത്തിൽ നിന്നുള്ള 3 സ്റ്റാർട്ടപ്പുകൾ തിരഞ്ഞെടുക്കപ്പെട്ടിരുന്നു. റൂമിൻഡോ, റോഡ്മേറ്റ്, ഡ്രീം ലൂപ്പ് എഐ എന്നിവയാണവ.

കേരള സ്റ്റാർട്ടപ്പ് മിഷന് കീഴിലുള്ള സ്റ്റാർട്ടപ്പുകൾ കഴിഞ്ഞ എട്ട് വർഷമായി ജൈടെക്സിൽ പങ്കെടുക്കുന്നുണ്ട്. കേരളത്തിലെ സ്റ്റാർട്ടപ്പുകളുടെ ഉത്പന്നങ്ങൾ ആഗോളതലത്തിൽ അവതരിപ്പിക്കാനുള്ള വേദി കൂടിയാണ് ജൈടെക്സ് എക്സ്പോ.

യുഎഇ യിലെ ഇന്ത്യൻ എംബസിയ്ക്കൊപ്പം ദുബായിലെ കെഎസ് യുഎം സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെൻററും വൺട്രപ്രണറും കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നല്കുന്നതും ശ്രദ്ധേയമാണ്.

# എംപിഐ മീറ്റ്സ് ആൻഡ് ബൈറ്റ്സ് സംസ്ഥാനതല ഉദ്ഘാടനം ഇന്ന്

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയുടെ 30 മീറ്റ്സ് ആൻഡ് ബൈറ്റ്സ് ഫ്രാഞ്ചൈസി ഔട്ട്ലെറ്റുകളുടെ സംസ്ഥാനതല ഉദ്ഘാടനം മൃഗസംരക്ഷണ ക്ഷീരവികസന മന്ത്രി ജെ.ചിഞ്ചുറാണി ഒക്ടോബർ 15 ന് (ഇന്ന്) നിർവഹിക്കും. വൈകിട്ട് 5 മണിക്ക് ചന്ദ്രശേഖരൻ സ്റ്റേഡിയത്തിലെ ഒളിമ്പ്യ ചേമ്പറിൽ നടക്കുന്ന പരിപാടിയിൽ ആന്റണി രാജു എംഎൽഎ അധ്യക്ഷനായിരിക്കും. ഡോ. ശശിതരൂർ എംപി മുഖ്യപ്രഭാഷണം നടത്തും. എംപിഐ ചെയർമാൻ ഇ കെ ശിവൻ, മറ്റു ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

ഉപഭോക്താക്കളുടെ ആവശ്യവും ഭക്ഷ്യ അഭിരുചിയും കണക്കിലെടുത്ത് സുരക്ഷിതത്വം ഉറപ്പിച്ചുള്ള എംപിഐ ബ്രാൻഡ് ചിൽഡ് / ഫ്രഷ് ഇറച്ചി സംസ്കരിച്ചു വിതരണം നടത്താനുള്ള പദ്ധതിയുടെ ഭാഗമായാണ് മീറ്റ്സ് ആൻഡ് ബൈറ്റ്സ് ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നത്. നാലാംദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിയുടെ ആദ്യഘട്ടത്തിൽ തിരുവനന്തപുരം മുതൽ തൃശൂർ വരെ 250 ഫ്രാഞ്ചൈസി ഔട്ട്ലെറ്റുകൾക്കാണ് തുടക്കമിടുക. തുടർന്ന് മറ്റു ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കും.

# വനിതാ സ്വയംസഹായ സംഘങ്ങൾക്ക് വായ്പ

കേരള സംസ്ഥാന കളിമൺപാത്ര നിർമാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ കളിമൺപാത്ര നിർമാണ വിപണന മേഖലകളിൽ നടപ്പിലാക്കുന്ന വായ്പ് പദ്ധതി പ്രകാരം 202425 വർഷത്തേക്കുള്ള അപേക്ഷ ക്ഷണിച്ചു. കളിമൺപാത്ര നിർമാണ മേഖലയിലെ വനിതാ സ്വയംസഹായ സംഘങ്ങൾക്കാണ് വായ്പ നൽകുന്നത്. ഒക്ടോബർ 25നകം അപേക്ഷ സമർപ്പിക്കണം.

കുടുംബശ്രീ സി.ഡി.എസുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും കോർപ്പറേഷൻ മാർഗരേഖ പ്രകാരം വായ്പ യോഗ്യത നേടുന്നതുമായ വനിതാ സ്വയം സഹായ സംഘങ്ങൾക്ക് വായ്പ അനുവദിക്കും. ബന്ധപ്പെട്ട സി.ഡി.എസ് മുഖേനയാണ് അപേക്ഷ നൽകേണ്ടത്. വിശദവിവരങ്ങൾക്ക്: www.keralapottery.org

# ആയുഷ് മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുക്കുന്നവരുടെ തുടർ ചികിത്സ ഉറപ്പാക്കും: മന്ത്രി വീണാ ജോർജ്

സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ഭാഗമായി ആയുഷ് വകുപ്പ്, പട്ടികജാതി പട്ടികവർഗ വികസന വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന ആയുഷ് മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുക്കുന്നവരുടെ തുടർ ചികിത്സ ഉറപ്പാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആയുഷ് വകുപ്പിന്റേയും ആരോഗ്യ വകുപ്പിന്റേയും വിവിധ സ്ഥാപനങ്ങളിലൂടെയാണ് ഇവരുടെ തുടർ ചികിത്സ ഉറപ്പാക്കുന്നത്. സംസ്ഥാനമൊട്ടാകെ സമയബന്ധിതമായി ക്യാമ്പുകൾ പൂർത്തിയാക്കാനാണ് ശ്രമിക്കുന്നത്.

പൂർണമായും സൗജന്യമായ ഈ മെഡിക്കൽ ക്യാമ്പുകളിൽ പൊതു ആരോഗ്യ പരിശോധനകളും മരുന്ന് വിതരണവും കൂടാതെ, പ്രാഥമിക ലബോറട്ടറി സേവനങ്ങൾ, ബോധവത്ക്കരണ ക്ലാസുകൾ, യോഗ പരിശീലനം എന്നിവയും ഉണ്ടാകുമെന്നും മന്ത്രി വ്യക്തമാക്കി. ആയുഷ് മെഡിക്കൽ ക്യാമ്പുകളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.ആദ്യമായിട്ടാണ് പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിനായി ഇങ്ങനെ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. മാതൃ ശിശു ആരോഗ്യമാണ് ഈ ക്യാമ്പുകളിലൂടെ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. പ്രത്യേക പരിഗണന അർഹിക്കുന്ന പട്ടികവർഗ വിഭാഗങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകും. വിളർച്ചാ നിവാരണം, ജീവിതശൈലീ രോഗങ്ങൾ, വയോജനാരോഗ്യം തുടങ്ങിയ വിവിധ വിഷയങ്ങൾക്ക് ഊന്നൽ നൽകിയാണ് പ്രവർത്തിക്കുക.

സമൂഹത്തിന്റെ ആരോഗ്യത്തിന് വ്യക്തികളുടേയും കുടുംബങ്ങളുടേയും ആരോഗ്യം അനിവാര്യമാണ് എന്നുള്ള ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വർഷം ആരോഗ്യ വകുപ്പ് പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ഇതിന്റെ ഭാഗമായാണ് ആയുഷ് വകുപ്പിന്റെ നേതൃത്വത്തിൽ 608 മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നത്. ഈ വർഷം ആയുഷ് വകുപ്പ് സംസ്ഥാനത്തുടനീളം 2408 വയോജന ക്യാമ്പുകൾ നടത്തുകയുണ്ടായി. നല്ല പ്രതികരണമാണ് ജനങ്ങളിൽ നിന്നും ലഭിച്ചത്. ഈ കാലഘട്ടത്തിൽ 150 ആയുഷ് സ്ഥാപനങ്ങൾക്ക് എൻഎബിഎച്ച് അക്രഡിറ്റേഷൻ ലഭിച്ചു. രണ്ടാംഘട്ടത്തിൽ 100 സ്ഥാപനങ്ങൾക്ക് എൻഎബിഎച്ച് അക്രഡിറ്റേഷൻ നേടിയെടുക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

കഴിഞ്ഞ വർഷം സംസ്ഥാനത്ത് ആയിരത്തോളം യോഗ ക്ലബ്ബുകൾ ആരംഭിച്ചു. വീടുകളിൽ നിന്നും സഹോദരിമാർ ഉൾപ്പെടെ ഈ യോഗ ക്ലബ്ബുകളിലേക്ക് എത്തി യോഗ പരിശീലിക്കുന്ന കാഴ്ചയാണ് കണ്ടത്.

ആ പ്രോത്സാഹനത്തിന്റെ അടിസ്ഥാനത്തിൽ പതിനായിരത്തോളം യോഗ ക്ലബുകൾ ഈ വർഷം തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ ആരംഭിക്കാൻ പോവുകയാണ്.

ജനിയ്ക്കുന്ന കുഞ്ഞുങ്ങൾക്ക് ആവശ്യമായിട്ടുള്ള തുടർച്ചയായ ആരോഗ്യ ഇടപെടൽ ഈ മേഖലയിൽ ഉറപ്പാക്കാനാണ് ശ്രമിക്കുന്നത്. നവജാത ശിശുക്കളുടെ സ്ക്രീനിങ്ങിന്റെ ഭാഗമായി അനീമിയ കൂടി ഉൾപ്പെടുത്തി. സിക്കിൾസെൽ അനീമിയ രോഗികൾക്കായി ആദ്യമായി പോയിന്റ് ഓഫ് കെയർ ചികിത്സ ലഭ്യമാക്കി. അനീമിയ പരിഹരിക്കുന്നതിനായി ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന വിവ കേരളം പോലുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ ഇത്തരം ക്യാമ്പുകളിലൂടെ കഴിയുമെന്നും മന്ത്രി വ്യക്തമാക്കി.

പട്ടികജാതി പട്ടികവർഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ. കേളു ചടങ്ങിൽ അധ്യക്ഷത വഹിച്ചു. നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. ഡി. സജിത് ബാബു സ്വാഗതം ആശംസിച്ച ചടങ്ങിൽ ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ഇൻ ചാർജ് ഡോ. എം.പി. ബീന, ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പ് ഡയറക്ടർ ഡോ. ടി.ഡി. ശ്രീകുമാർ, പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ സജീവൻ, ഭാരതീയ ചികിത്സാ വകുപ്പ് ജോ. ഡയറക്ടർ ഡോ. സലജ കുമാരി, ഹോമിയോപ്പതി മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പ് പ്രിൻസിപ്പൽ ആൻഡ് കൺട്രോളിംഗ് ഓഫീസർ ഡോ. ടി.കെ. വിജയൻ, ആയുഷ് മിഷൻ സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാരായ ഡോ. സജി പി.ആർ., ഡോ. ആർ. ജയനാരായണൻ, ഡോ. അജിത അതിയടത്ത്, ഡോ. പ്രിയദർശിനി, മീനാറാണി, ഡോ. ഷൈജു കെ.എസ്. എന്നിവർ പങ്കെടുത്തു.

# ’ഗ്രോത്ത് പൾസ്’ സംരംഭക പരിശീലനത്തിന് അപേക്ഷിക്കാം

വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (KIED) സംരംഭകർക്കായി ഗ്രോത്ത് പൾസ് എന്ന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഒക്ടോബർ 22 മുതൽ 26 വരെ കളമശേരിയിലെ ഗകഋഉ ക്യാമ്പസിലാണ് പരിശീലനം. നിലവിൽ സംരംഭം തുടങ്ങി 5 വർഷത്തിൽ താഴെ പ്രവൃത്തി പരിചയമുള്ള സംരംഭകർക്ക് പങ്കെടുക്കാം. മാർക്കറ്റിങ് സ്ട്രാറ്റജീസ്, ഫിനാൻഷ്യൽ മാനേജ്മെന്റ്, ജിഎസ്ടി ആൻഡ് ടാക്സേഷൻ, ഓപ്പറേഷണൽ എക്സലൻസ്, സെയിൽസ് പ്രോസസ് ആൻഡ് ടീം മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 3,540 രൂപയാണ് ഫീസ്. താമസം ആവശ്യമില്ലാത്തവർക്ക് 1,500 രൂപയാണ് ഫീസ്. താത്പര്യമുള്ളവർ www.kled.infot/r-aining-calender/ വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2532890/ 2550322/9188922785.

# കിറ്റ്സിൽ സീറ്റൊഴിവ്

ടൂറിസം വകുപ്പിന്റെ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) ൽ പി.ജി ഡിപ്ലോമ ഇൻ ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അപേക്ഷിക്കാം.

അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് പ്ലേസ്മെന്റ് അസിസ്റ്റൻസ് നൽകും

കഅഠഅ യുടെ ഡിപ്ലോമ കോഴ്സുകളായ കഅഠഅ എഀൗിറമശേീ ശി Travel and Tourism with Galileo and Amadeus, Airport Operations Fundamentals ലും അഡ്മിഷൻ ആരംഭിച്ചിട്ടുണ്ട്.

പ്ലസ്ടു ആണ് 6 മാസം ദൈർഘ്യമുള്ള ഈ കോഴ്സിന്റെ അടിസ്ഥാന യോഗ്യത. കൂടുതൽ വിവരങ്ങൾക്ക് : www.kittsedu.org, ഫോൺ: 0471 2329468, 2339178, 2329539, 9446329897

# ആസൂത്രണ ബോർഡിൽ ഇന്റേൺഷിപ്പിന് അവസരം

സംസ്ഥാന ആസൂത്രണ ബോർഡ് 202425 വർഷത്തേക്ക് ഇന്റേൺഷിപ്പിന് അപേക്ഷ ക്ഷണിച്ചു.

ഇന്ത്യയിലെ അംഗീകൃത സർവ്വകലാശാലകൾ/ ഗവേഷണ സ്ഥാപനങ്ങൾ/ കോളേജുകളിൽ നിന്നും അവസാന സെമസ്റ്റർ / വർഷ ബിരുദാനന്തര ബിരുദം ചെയ്തുകൊണ്ടിരിക്കുന്നതോ അല്ലെങ്കിൽ നിലവിൽ പി.എച്ച്.ഡി. ചെയ്തുകൊണ്ടിരിക്കുന്നതോ (രജിസ്ട്രേഷൻ സ്വീകരിച്ചിട്ടുള്ള) വിദ്യാർഥികൾക്ക് അപേക്ഷിക്കാം.

വിശദവിവരങ്ങളും അപേക്ഷ ഫോമും https://spb.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

# ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡിൽ 3 പദ്ധതികളുടെ ഉദ്ഘാടനം

സിഎച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡിൽ സുപ്രധാന മൂന്ന് പദ്ധതികൾ വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി ഇന്ന് (ഒക്ടോബർ 15) ഉദ്ഘാടനം ചെയ്യും. സെൻസറി ഇന്റഗ്രേഷൻ യൂണിറ്റിന്റെ ഉദ്ഘാടനവും വൊക്കേഷണൽ ട്രെയിനിങ് സെന്ററിന്റെയും ഹോസ്റ്റലിന്റെയും നിർമ്മാണോദ്ഘാടനവുമാണ് ഉച്ചക്ക് 2 മണിക്ക് മന്ത്രി നിർവഹിക്കുക.

കടകംപള്ളി സുരേന്ദ്രൻ എംഎൽഎ അധ്യക്ഷത വഹിക്കുന്ന പരിപാടിയിൽ മേയർ ആര്യ രാജേന്ദ്രൻ, ഡോ ശശി തരൂർ എം.പി, പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്, ഡയറക്ടർ ഷാനവാസ് എസ്, എസ്.ഐ.എം.സി ഡയറക്ടർ ഇൻ ചാർജ് ഷിബി ആർ കെ, പ്ലാനിങ് ബോർഡ് അംഗം മിനി സുകുമാർ, വാർഡ് കൗൺസിലർ സ്റ്റാൻലി ഡിക്രൂസ് തുടങ്ങിയവർ സംബന്ധിക്കും.

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് നടപ്പാക്കുന്ന 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയാണ് സ്ഥാപനത്തിൽ സ്വപ്നപദ്ധതികൾ യാഥാർഥ്യമാക്കുന്നത്. 13 കോടി 85 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിന്റെയും ഹോസ്റ്റലിന്റെയും ഒന്നാംഘട്ട കെട്ടിട നിർമ്മാണ പ്രവർത്തനത്തിന് സംസ്ഥാന സർക്കാർ അഞ്ച് കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഒക്യുപ്പേഷണൽ തെറാപ്പിയുടെ ഭാഗമായി ന്യൂറോ ഡെവലപ്പ്മെന്റൽ ഡിസോർഡേഴ്സുള്ള കുട്ടികളുടെ ചികിത്സയ്ക്ക് സഹായമാകുന്ന രീതിയിലാണ് അത്യാധുനിക സെൻസറി ഇന്റഗ്രേഷൻ യൂണിറ്റ് സജ്ജമാക്കിയിരിക്കുന്നത്.

# പ്രൊഫഷണൽ ഡിപ്ലോമ കോഴ്സുകൾക്ക് അപേക്ഷിക്കാം

സർക്കാർ/സ്വാശ്രയ സ്ഥാപനങ്ങളിലെ 202425 വർഷത്തെ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഫാർമസി, ഹെൽത്ത് ഇൻസ്പെക്ടർ, പാരാമെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ഓൺലൈനായി ഒക്ടോബർ 22 വരെ അപേക്ഷിക്കാം. എൽ.ബി.എസ് സെന്ററിന്റെ www.lbscetnre.kerala.gov.in വെബ്സൈറ്റ് വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷകർ ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ചെലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ഒരു ശാഖ വഴിയോ അപേക്ഷാഫീസ് ഒടുക്കേണ്ടതാണ്. പൊതുവിഭാഗത്തിന് 600 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 300 രൂപയുമാണ് അപേക്ഷാഫീസ്. ഓൺലൈൻ അപേക്ഷയുടെ ഫൈനൽ കൺഫർമേഷൻ ഒക്ടോബർ 24 ന് മുൻപ് നൽകണം. സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സും വിജ്ഞാപനവും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04712560363, 364.

# അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

കേരള സർക്കാരിന്റെ ധനകാര്യ വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്വതന്ത്ര ഗവേഷണ സ്ഥാപനമായ പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ കരാർ വ്യവസ്ഥയിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒക്ടോബർ 28 വൈകിട്ട് 5 മണിവരെ അപേക്ഷ സമർപ്പിക്കാം. വിശദവിവരങ്ങൾക്ക്: www.ppri.org.in

# അറബ് രാജ്യങ്ങൾക്ക് ഇറാന്റെ മുന്നറിയിപ്പ്

വാഷിംഗ്ടൺ ഡിസി: ഇറാനെ ആക്രമിക്കാനുള്ള ഇസ്രേലി നീക്കങ്ങൾക്കു സഹായം നൽകരുതെന്ന് പശ്ചിമേഷ്യയിലെ അമേരിക്കൻ സഖ്യരാജ്യങ്ങൾക്ക് ഇറാൻ മുന്നറിയിപ്പു നൽകിയതായി വാൾസ്ട്രീറ്റ് ജേർണൽ പത്രം റിപ്പോർട്ട് ചെയ്തു.

സൗദി, യുഎഇ, ജോർദാൻ, ഖത്തർ മുതലായ രാജ്യങ്ങൾക്ക് നയതന്ത്ര ചാനലിലൂടെയാണ് മുന്നറിയിപ്പു നൽകിയത്.മാസാദ്യം ഇറാൻ നടത്തിയ മിസൈൽ ആക്രമണത്തിന് ശക്തമായ തിരിച്ചടി നൽകുമെന്നാണ് ഇസ്രയേൽ പ്രഖ്യാപിച്ചിരിക്കുന്നത്.

ഇറാനെതിരായ ആക്രമണത്തിന് തങ്ങളുടെ ആകാശമോ സൈനിക സംവിധാനങ്ങളോ ഉപയോഗപ്പെടുത്തുന്നതിൽ വിമുഖത ഉള്ളതായി അറബ് രാജ്യങ്ങൾ അമേരിക്കയെ അറിയിച്ചതായും റിപ്പോർട്ടുണ്ട്.

ഇസ്രേലി യുദ്ധവിമാനങ്ങളെ തങ്ങളുടെ ആകാശത്തു പറക്കാൻ അനുവദിക്കില്ലെന്ന് സൗദി, ഖത്തർ, യുഎഇ രാജ്യങ്ങൾ അമേരിക്കയോടു പറഞ്ഞതായി റോയിട്ടേഴ്സിന്റെ റിപ്പോർട്ടിൽ പറയുന്നു.

ഇറാനും ഇസ്രയേലും തമ്മിൽ സംഘർഷം വർധിക്കുന്നത് തങ്ങളുടെ എണ്ണ വ്യവസായത്തെ ബാധിക്കുമെന്ന ആശങ്കയും അറബ് രാജ്യങ്ങൾക്കുണ്ട്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA

2024 October 15 Tuesday


### ജൈടെക്സ് ഗ്ലോബൽ 2024ലെ കേരള ഐടി പവലിയൻ തുറന്നു

# ദുബായിലെ അഞ്ച് ദിവസത്തെ പരിപാടിയിൽ പങ്കെടുക്കുന്നത് 30 കേരള ഐടി സ്ഥാപനങ്ങൾ

തിരുവനന്തപുരം: കേരളത്തിൻറെ കരുത്തുറ്റ ഐടി ഇക്കോസിസ്റ്റം ലോകത്തിനു മുന്നിൽ പ്രദർശിപ്പിച്ച് ദുബായിലെ അന്താരാഷ്ട്ര ടെക്സ്റ്റാർട്ടപ്പ് സമ്മേളനമായ ജൈടെക്സ് ഗ്ലോബൽ 44ാമത് എഡിഷനിൽ കേരള ഐടി പവലിയൻ തുറന്നു. ലോകത്തെ ഏറ്റവും വലിയ ടെക്സ്റ്റാർട്ടപ്പ് സമ്മേളനത്തിന് ദുബായ് വേൾഡ് ട്രേഡ് സെൻററിലാണ് തുടക്കമായത്. തിങ്കളാഴ്ച ആരംഭിച്ച പ്രദർശനം അഞ്ച് ദിവസം നീണ്ടുനിൽക്കും.

2016 മുതൽ കേരളത്തിൽ നിന്നുള്ള ഐടി കമ്പനികളുടെ സാന്നിധ്യമുള്ള ആഗോള പരിപാടിയിൽ ഇത്തവണ കേരളത്തിൽ നിന്നുള്ള 30 കമ്പനികളാണ് പങ്കെടുക്കുന്നത്. 'പവറിംഗ് ഇന്നൊവേഷൻ' എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി സംസ്ഥാനത്തിൻറെ ഐടി ഇക്കോസിസ്റ്റത്തിൻറെ പ്രതിബദ്ധത ഉൾക്കൊള്ളുന്ന 110 ചതുരശ്ര മീറ്റർ കേരള പവലിയൻ ആണ് ജൈടെക്സ്2024 നായി ഒരുക്കിയിട്ടുള്ളത്.

സുസ്ഥിര വികസനത്തിനും സാമൂഹിക ഉന്നമനത്തിനുമായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തണമെന്ന ആശയം പവലിയൻ മുന്നോട്ടുവയ്ക്കുന്നു.

സംസ്ഥാന സർക്കാരിൻറെ ഹൈപവർ ഐടി കമ്മിറ്റിയിൽ നിന്നുള്ള ഐടി ഫെലോസ് ആയ വിഷ്ണു വി നായർ, പ്രജീത് പ്രഭാകരൻ, കേരളത്തിലെ ഐടി കമ്പനികളുടെ വ്യവസായ സ്ഥാപനമായ ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനീസ് (ജിടെക്) സിഇഒ ടോണി ഈപ്പൻ എന്നിവർ ജൈടെക്സ്2024 പവലിയൻ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

വ്യവസായഅക്കാദമിക സഹകരണവും പൊതുസ്വകാര്യ പങ്കാളിത്തവും ഉൾപ്പെടെ വികസനത്തിൻറെ നൂതന മാതൃകയാക്കി പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാർ ഇതിനൊപ്പം ഐടി ആവാസവ്യവസ്ഥയുടെ അഭിവൃദ്ധിയും ലക്ഷ്യമിടുന്നു.




*ദുബായ് വേൾഡ് ട്രേഡ് സെൻററിൽ ആരംഭിച്ച ജൈടെക്സ് ഗ്ലോബൽ 2024ലെ കേരള ഐടി പവലിയൻറെ ഉദ്ഘാടന വേളയിൽ കേരള സർക്കാരിൻറെ ഹൈപവർ ഐടി കമ്മിറ്റിയിൽ നിന്നുള്ള ഫെലോസ് ആയ വിഷ്ണു വി. നായർ, പ്രജീത് പ്രഭാകരൻ, ജിടെക് സിഇഒ ടോണി ഈപ്പൻ തുടങ്ങിയവർ.*

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്നുള്ള 10 വീതം കമ്പനികളാണ് 30 അംഗ സംഘത്തിലുള്ളത്. ഡാറ്റ അനലിറ്റിക്സ്, സൈബർ സുരക്ഷ, വെബ്സൈറ്റ് വികസനം, ഇആർപി സൊല്യൂഷനുകൾ, മൊബൈൽ ആപ്പ് ഡവലപ്മെൻറ്, ക്ലൗഡ് സേവനങ്ങൾ എന്നിവയുൾപ്പെടെയുള്ള വിവിധ സാങ്കേതിക മേഖലകളെ പ്രതിനിധാനം ചെയ്യുന്ന ഉത്പന്നങ്ങളും മാതൃകകളും കേരളത്തിലെ കമ്പനികൾ ജൈടെക്സിൽ പ്രദർശിപ്പിക്കുന്നുണ്ട്.

ആബാസോഫ്റ്റ് യുഎസ്എ, അക്യൂബ് ഇന്നവേഷൻസ്, ആഡിസിയ സൊല്യൂഷൻസ്, ആർമിയ സിസ്റ്റംസ്, ബ്ലൂകാസ്റ്റ് ടെക്നോളജീസ്, സെയ്മോക്സ്, ക്ലൗഡ് കൺട്രോൾ, കോഡ്ലെറ്റിസ് ഡിജിറ്റൽ സൊല്യൂഷൻസ്, കൊമേഴ്സ്9, ക്രാഫ്റ്റ് ഇൻററാക്ടീവ്, സൈബ്രോസിസ് ടെക്നോളജീസ്, ഡിക്യൂബ് എഐ, ഫ്രെസ്റ്റൺ അനലിറ്റിക്സ്, ഗ്യാപ്പ്ബ്ലൂ സോഫ്റ്റ് വെയർ ലാബ്സ്, ഗ്രാംപ്രോ ബിസിനസ് സർവീസസ്, എച്ച്ടിഐസി ഗ്ലോബൽ,

ക്ലൈസ്ട്രോൺ ഗ്ലോബൽ, ലിത്തോസ് പിഒഎസ്, നിവിയോസിസ് ടെക്നോളജീസ്, നോവാറോ, ന്യൂയോക്സ് ടെക്നോളജീസ്, നെക്സ്റ്റ്ജെനിക്സ് സൊല്യൂഷൻസ്, പിക്സ്ബിറ്റ് സൊല്യൂഷൻസ്, പ്രോംപ്ടെക് ഗ്ലോബൽ, ക്വാഡൻസ് ടെക്നോളജീസ്, യുറോലൈം, വോക്സ്ട്രോൺ, വാറ്റിൽകോർപ് സൈബർ സെക്യൂരിറ്റി ലാബ്സ്, വെബ്കാസ്റ്റിൽ, സൂൻഡ്യ എന്നീ കമ്പനികളാണ് കേരളത്തെ പ്രതിനിധീകരിക്കുന്നത്.

മൂന്ന് ഐടി പാർക്കുകളും (ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക്) ജിടെക്കിനൊപ്പം കേരള ഐടി ഇക്കോസിസ്റ്റത്തിലെ ഐടി/ഐടി ഇതര കമ്പനികളെ ജൈടെക്സിൽ പ്രദർശിപ്പിക്കുന്നു.

## നടൻ ബാലയ്ക്ക് ഉപാധികളോടെ ജാമ്യം

കൊച്ചി: മുൻ ഭാര്യയുടെ പരാതിയിൽ അറസ്റ്റിലായ നടൻ ബാലയ്ക്ക് ജാമ്യം. എറണാകുളം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയാണ് ജാമ്യം അനുവദിച്ചത്. സമൂഹമാധ്യമങ്ങളിലൂടെ പരാതിക്കാരിയെക്കുറിച്ചും മകളെക്കുറിച്ചും പരാമർശങ്ങൾ പാടില്ലെന്ന് അടക്കമുള്ള കർശന ഉപാധികളോടെയാണ് ജാമ്യം.സമൂഹമാധ്യമങ്ങളിലൂടെ തന്നെ അപകീർത്തിപ്പെടുത്തിയെന്ന മുൻ ഭാര്യയുടെ പരാതിയിൽ ഇന്ന് പുലർച്ചെയാണ് ബാലയെ അറസ്റ്റ് ചെയ്തത്. പാലാരിവട്ടത്തെ വീട്ടിൽ നിന്ന് കടവന്ത്ര പോലീസാണ് ബാലയെ കസ്റ്റഡിയിലെടുത്തത്.

## പുനരധിവാസം വേഗത്തിലാക്കണം; വയനാട്ടിലെ തിരച്ചിൽ നടപടികളിൽ പാളിച്ചയുണ്ടായെന്ന് സതീശൻ

തിരുവനന്തപുരം: വയനാട് ദുരന്തബാധിതരുടെ പുനരധിവാസം വേഗത്തിലാക്കണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. ദുരന്തബാധിതരുടെ പുനരധിവാസം സംബന്ധിച്ച് പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തരപ്രമേയ ചർച്ചയിൽ നിയമസഭയിൽ സംസാരിക്കുകയായിരുന്നു സതീശൻ.അടിയന്തര സഹായമായി 1000 രൂപയോ വീട്ടുവാടകയോ ചികിത്സയോ ഒന്നും ലഭിക്കാത്ത ആളുകൾ ദുരന്തബാധിത മേഖലയിലുണ്ട്. ഉദ്യോഗസ്ഥതലത്തിൽ ഈ നടപടികൾ ഇഴയുകയാണ്. അത് വേഗത്തിൽ പൂർത്തിയാക്കണമെന്ന് പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.പക്യതിദുരന്തങ്ങളെ തടുത്ത് നിർത്താനാവില്ല. എന്നാൽ കൃത്യമായി മുന്നറിയിപ്പ് സംവിധാനമൊരുക്കാൻ കഴിയും. അതനുസരിച്ച് ആളുകളെ ഇവിടെനിന്ന് ഒഴിപ്പിക്കുന്നതിലൂടെ ദുരന്തം ഒഴിവാക്കാനാകും.

തിരച്ചിൽ നടപടികളിൽ പാളിച്ചകൾ ഉണ്ടായെന്നും സതീശൻ പറഞ്ഞു. ബാക്കി മൃതദേഹങ്ങൾ കണ്ടെത്താൻ തിരച്ചിൽ നടത്തണം.കേന്ദ്ര സഹായം ഇതുവരെ കിട്ടാത്തത് ഗുരുതരമായ വിഷയമാണ്. ഇതിനായി സർക്കാർ ശക്തമായ സമ്മർദം ചെലുത്തണം. നിവേദനം നൽകിയതുകൊണ്ട് മാത്രം കാര്യമില്ലെന്നും സതീശൻ കൂട്ടിച്ചേർത്തു.

## ചോറ്റാനിക്കരയിൽ നാലംഗ കുടുംബം മരിച്ച നിലയിൽ; ജീവനൊടുക്കിയതെന്ന് നിഗമനം

കൊച്ചി : ചോറ്റാനിക്കരയിൽ നാലംഗ കുടുംബത്തെ വീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തി. അധ്യാപക ദമ്പതികളായ രഞ്ജിത്ത്, ഭാര്യ രശ്മി, മക്കളായ ആദി (ഒന്പത്) ആദിയ (ഏഴ്) എന്നിവരാണ് മരിച്ചത്.നാല് പേരുടെയും മൃതദേഹം മെഡിക്കൽ കോളജിന് വൈദ്യപഠനത്തിന് നൽകണമെന്ന് കുറിപ്പ് എഴുതിവച്ച ശേഷമാണ് മരണം. സാമ്പത്തികപ്രശ്നമാണ് ജീവനൊടുക്കാൻ കാരണമെന്നാണ് സൂചന.രാവിലെ വീട്ടിൽ നിന്നും ശബ്ദമൊന്നും കേൾക്കാതിരുന്നതിനെ തുടർന്ന് അയൽവാസികൾ വിവരം തിരക്കി എത്തിയപ്പോഴാണ് ഇവരെ മരിച്ച നിലയിൽ കണ്ടെത്തിയത്. പോലീസ് സ്ഥലത്തെത്തി ഇൻക്വസ്റ്റ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

# ശക്തമായ തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യത; കേരള തീരത്ത് റെഡ് അലർട്ട്

തിരുവനന്തപുരം ന്മ കേരള തീരത്ത് 15ന് പുലർച്ചെ 5.30 മുതൽ 16ന് രാത്രി 11.30 വരെ 1.0 മുതൽ 2.0 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ടെന്നു ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. ഈ സാഹചര്യത്തിൽ കേരള തീരത്ത് റെഡ് അലർട്ട് പ്രഖ്യാപിച്ചു. തമിഴ്നാട്ടിലെ തൂത്തുക്കുടി കന്യാകുമാരി തീരങ്ങളിലും ലക്ഷദ്വീപ്, മാഹി, കർണാടക തീരങ്ങളിലും ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും ജാഗ്രതാ മുന്നറിയിപ്പ് നൽകി.

അഘടഛ ഞളഅള

4 ജില്ലകളിൽ ഓറഞ്ച് അലർട്ട്; കേരളത്തിൽ ഇടിമിന്നലോടു കൂടിയ കനത്ത മഴ തുടരും

കടലാക്രമണത്തിനു സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും അതീവ ജാഗ്രത പാലിക്കണം. കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽനിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണം. ചെറിയ വള്ളങ്ങളും ബോട്ടുകളും കടലിലേക്ക് ഇറക്കുന്നത് ഈ സമയത്ത് ഒഴിവാക്കേണ്ടതാണ്. കള്ളക്കടൽ വേളയിൽ കടലിലേക്കു മത്സ്യബന്ധന യാനങ്ങൾ ഇറക്കുന്നതു പോലെ തന്നെ അപകടകരമാണ് കരയിലേക്ക് അടുപ്പിക്കുന്നതും. തിരമാല ശക്തിപ്പെടുന്ന ഘട്ടത്തിൽ ഇവ ഒഴിവാക്കേണ്ടതാണ്.

മുന്നറിയിപ്പ് പിൻവലിക്കുന്നതു വരെ ബീച്ചുകൾ കേന്ദ്രീകരിച്ചുള്ള വിനോദസഞ്ചാരം ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും ഒഴിവാക്കേണ്ടതാണ്. മത്സ്യബന്ധന യാനങ്ങൾ (ബോട്ട്, വള്ളം, മുതലായവ) ഹാർബറിൽ സുരക്ഷിതമായി കെട്ടിയിടണം. വള്ളങ്ങൾ തമ്മിൽ സുരക്ഷിത അകലം പാലിക്കുന്നതു കൂട്ടിയിടിച്ചുള്ള അപകടസാധ്യത ഒഴിവാക്കും. മത്സ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷയും ഉറപ്പാക്കണം. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കണമെന്നും മുന്നറിയിപ്പുണ്ട്.

## സ്പോട്ട് ബുക്കിംഗ് നിർത്തിവച്ച തീരുമാനം പുനഃപരിശോധിക്കണമെന്ന് ഡെപ്യൂട്ടി സ്പീക്കർ

തിരുവനന്തപുരം: ശബരിമലയിൽ നിർത്തിവച്ച സ്പോട്ട് ബുക്കിംഗ് പുനഃപരിശോധിക്കണമെന്ന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ. ഇക്കാര്യം ചൂണ്ടിക്കാട്ടി ദേവസ്വം മന്ത്രി വി.എൻ. വാസവന് ഡെപ്യൂട്ടി സ്പീക്കർ കത്തയച്ചു.

ഓൺലൈൻ ബുക്കിംഗ് മാത്രമാക്കുന്നത് തീർഥാടനത്തെ പ്രതികൂലമായി ബാധിക്കും. പലയിടങ്ങളിലും പല തരത്തിലുള്ള പ്രതിഷേധം ഉണ്ടായിട്ടുണ്ടെന്നും ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു.

സ്പോട്ട് ബുക്കിംഗ് തീർഥാടകർക്ക് സഹായകരമായിരിക്കും. ഓൺലൈനിൽ ബുക്ക് ചെയ്യുന്ന ഭക്തരിൽ 20 ശതമാനം പേരും എത്താറില്ല. ഈ കുറവ് സ്പോട്ട് ബുക്കിംഗിലൂടെ ഭക്തർക്ക് ദർശനം ക്രമീകരിക്കുന്നതിന് സാധിക്കുമായിരുന്നു.

വർഷം മുഴുവൻ ദർശന സീസണായുള്ള തിരുപ്പതിയിലെ പോലെ സീസണിൽ മാത്രം ഭക്തർ എത്തുന്ന ശബരിമലയിൽ ഓൺലൈൻ ബുക്കിംഗ് മാത്രമായി പരിമിതപ്പെടുത്തുന്നത് ഭക്തരുടെ ദർശനത്തെ ബാധിക്കും.

നിർത്തിവച്ച സ്പോട്ട് ബുക്കിംഗ് കേന്ദ്രങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ചിറ്റയം ഗോപകുമാർ ആവശ്യപ്പെട്ടു.

## സമാധാനസേനയ്ക്ക് നേരെ ആക്രമം: യുഎൻ പ്രമേയത്തെ പിന്തുണച്ച് ഇന്ത്യ

ന്യൂയോർക്ക് : ലബനനിലെ യുഎൻ സമാധാനസേനയ്ക്കു നേരെയുണ്ടായ ആക്രമണത്തെ അപലപിക്കുന്ന യുഎൻ പ്രമേയത്തെ പിന്തുണച്ച് ഇന്ത്യ. ഹിസ്ബുല്ലയ്ക്കെതിരായ ഇസ്രയേലിന്റെ സൈനിക നടപടിക്കിടെയാണ് യുഎൻ സമാധാനസേനയ്ക്കു നേരെ ആക്രമണമുണ്ടായത്. 34 രാജ്യങ്ങൾ ഒപ്പുവച്ച് പോളണ്ട് കൊണ്ടുവന്ന പ്രമേയത്തിൽ ഒപ്പിട്ടിട്ടില്ലെങ്കിലും പ്രമേയത്തോട് ഇന്ത്യ പൂർണമായും യോജിക്കുന്നുവെന്നും ഇത്തരം ആക്രമണങ്ങൾ ഇനി ഉണ്ടാകരുതെന്നും അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്നും യുഎന്നിലെ ഇന്ത്യൻ പ്രതിനിധി പറഞ്ഞു. ഇന്ത്യയിൽ നിന്നുള്ള 903 പേരടക്കം 10,058 സൈനികരാണ് ലബനനിലെ യുഎൻ സമാധാനസേനയിലുള്ളത്.

## കെ.എസ്. ചിത്രയുടെ പേരിൽ തട്ടിപ്പ് സന്ദേശം; അഞ്ച് അക്കൗണ്ടുകൾ പൂട്ടിച്ചു

ചെന്നൈ: തന്റെ പേരും ചിത്രവും ഉൾപ്പെടുത്തി സമൂഹമാധ്യമങ്ങളിലൂടെ പണം ആവശ്യപ്പെട്ടു വ്യാജ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനെതിരേ ഗായിക കെ.എസ്. ചിത്ര പോലീസിൽ പരാതി നൽകി.

വ്യാജ സോഷ്യൽ മീഡിയാ അക്കൗണ്ടുകൾ ഉണ്ടാക്കി ചിത്രയുടെ പേരും ചിത്രവും വച്ച് പണം നിക്ഷേപിക്കാനാവശ്യപ്പെട്ടുകൊണ്ടാണ് തട്ടിപ്പ് നടത്തിയിരുന്നത്.10,000 രൂപ നിക്ഷേപിച്ചാൽ ഒരാഴ്ചയ്ക്കകം 50,000 രൂപ ലഭിക്കുന്ന പദ്ധതിയുടെ അംബാസഡറാണെന്നും ഐ ഫോൺ ഉൾപ്പെടെ സമ്മാനങ്ങൾ കാത്തിരിക്കുന്നുവെന്നുമാണു ചിത്രയുടെ പേരിൽ പ്രചരിക്കുന്നത്. തട്ടിപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം ചിത്ര ഒരു സ്ക്രീൻഷോട്ട് പുറത്തുവിട്ടിരുന്നു.'ഇത് ശരിക്കും ചിത്ര ചേച്ചിയാണോ' എന്ന് ഒരാൾ ചോദിക്കുമ്പോൾ അതെ എന്നും താൻ ഒരു കമ്പനിയുടെ ബ്രാൻഡ് അംബാസിഡറാണെന്നും വ്യാജൻ മറുപടി കൊടുക്കുന്നതാണ് സ്ക്രീൻ ഷോട്ടിലുണ്ടായിരുന്നത്.പരാതിക്കു പിന്നാലെ സൈബർ ക്രൈം വിഭാഗം അഞ്ച് അക്കൗണ്ടുകൾ പൂട്ടിച്ചതായി ചിത്ര പറഞ്ഞു. ഒരു ടെലിഗ്രാം അക്കൗണ്ട് ഉടമ സ്വയം പിൻവലിച്ചു. തട്ടിപ്പിന് ഇരയാകാതിരിക്കാൻ ജാഗ്രത പാലിക്കണമെന്നും ചിത്ര പറഞ്ഞു.

# നാലര ലക്ഷത്തിന്റെ ബൈക്ക് മോഷ്ടിച്ചു; രണ്ട് വിദ്യാർഥികൾ അറസ്റ്റിൽ

കൊച്ചി: നാലര ലക്ഷത്തിന്റെ ബൈക്ക് മോഷ്ടിച്ച രണ്ട് വിദ്യാർഥികൾ അറസ്റ്റിൽ. ബിടെക്ക് വിദ്യാർഥികളായ കൊല്ലം സ്വദേശി സാവിയോ ബാബു (21), കംപ്യൂട്ടർ വിദ്യാർഥിയായ കൊടുങ്ങല്ലൂർ സ്വദേശി ചാൾസ് (22) എന്നിവരെയാണ് എളമക്കര പോലീസ് ഇൻസ്പെക്ടർ ബി.ഹരികൃഷ്ണൻ, എസ്ഐ മനോജ് എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം കൊല്ലത്തുനിന്ന് അറസ്റ്റു ചെയ്തത്.

പ്രതികളെ കൊച്ചിയിലെത്തിച്ചു. ചാൾസിന് സ്വന്തമായി ബൈക്ക് ഇല്ല. ചാൾസിനു സമ്മാനിക്കാനായാണ് സാവിയോ കൂടി കൂട്ടുനിന്ന് ബൈക്ക് മോഷ്ടിച്ചത്. കഴിഞ്ഞ 10ന് ഇടപ്പള്ളി ഗ്രാൻഡ് മാളിനു സമീപത്തെ പാർക്കിംഗിൽ നിന്നാണ് ഇവർ എളമക്കര സ്വദേശിയുടെ ബൈക്ക് മോഷ്ടിച്ചത്.ബൈക്ക് പാർക്കിംഗിൽ വച്ചിട്ട് ഉടമസ്ഥൻ സമീപത്തെ കടയിലേക്കു കയറിയപ്പോഴാണ് വിദ്യാർഥികൾ ബൈക്ക് മോഷ്ടിച്ച് കടന്നുകളഞ്ഞത്. വാഹനം ലോക്ക് ആയതിനാൽ അവിടെ നിന്ന് തള്ളി പുറത്തെത്തിച്ചു. തുടർന്ന് മോഷ്ടിച്ച ബൈക്കിൽ ചാൾസ് മുന്നിൽ നീങ്ങി.സാവിയോ സ്വന്തം ബൈക്കിൽ ഈ ബൈക്ക് കാലുകൊണ്ട് തള്ളി ഇവർ താമസിക്കുന്ന കൊച്ചിയിലെ വീട്ടിലെത്തിച്ചു. തുടർന്ന് മോഷ്ടിച്ച വാഹനത്തിന്റെ നമ്പർ പ്ലേറ്റ് അഴിച്ചുമാറ്റി മറ്റൊന്നു വച്ചു. ഇതിനുശേഷം മോഷ്ടിച്ച ബൈക്കുമായി കൊല്ലത്തേക്ക് കടന്നു കളയുകയായിരുന്നു.

പരിശോധിച്ചത് നൂറിധികം സിസിടിവി ദൃശ്യങ്ങൾ

നൂറിലധികം സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചാണ് പോലീസ് പ്രതികളിലേക്ക് എത്തിയത്. ഒടുവിൽ ഇവർ ബൈക്ക് മോഷ്ടിക്കാൻ എത്തിയ ഇരുചക്ര വാഹനം ഒരു വീടിന്റെ പോർച്ചിൽ ഇരിക്കുന്നത് കണ്ട് അതിന്റെ ഉടമയ്ക്കായി അന്വേഷണം നടത്തി. അങ്ങനെയാണ് പ്രതികളിലേക്ക് എത്തിയത്.കൊച്ചിയിലെത്തിച്ച പ്രതികളെ വിശദമായി ചോദ്യം ചെയ്തുവരുകയാണ്. സംഭവത്തിൽ കൂടുതൽ ആളുകൾ ഉൾപ്പെട്ടിട്ടുണോ എന്ന് പോലീസ് സംശയിക്കുന്നുണ്ട്. ഇതിനായി പ്രതികളെ വിശദമായി ചോദ്യം ചെയ്യാനുള്ള തയാറെടുപ്പിലാണ് പോലീസ്.

## ഇസ്രയേലിൽ സൈനിക ക്യാംപിനു നേരെ ഡ്രോൺ ആക്രമണം, 4 സൈനികർ കൊല്ലപ്പെട്ടു

ജറുസലം : ഇസ്രയേലിലെ ബിന്യാമിനയ്ക്കു സമീപം സൈനിക ക്യാംപിനു നേരെയുണ്ടായ ഡ്രോൺ ആക്രമണത്തിൽ നാലു സൈനികർ കൊല്ലപ്പെട്ടു. ഏഴു പേർക്ക് ഗുരുതരമായി പരുക്കേറ്റു. രണ്ടു ദിവസത്തിനിടെ രണ്ടാം തവണയാണ് ഇസ്രയേലിൽ ഡ്രോൺ ആക്രമണമുണ്ടാകുന്നത്. ശനിയാഴ്ച ടെൽ അവീവിനു നേരെയും ഡ്രോൺ ആക്രമണമുണ്ടായിരുന്നു. മിസൈലുകൾ പ്രതിരോധിക്കാൻ സഹായിക്കുന്ന പുതിയ വ്യോമ പ്രതിരോധ സംവിധാനം ഇസ്രയേലിനു കൈമാറുമെന്ന് യുഎസ് പ്രഖ്യാപിച്ച ദിവസമാണ് ഇസ്രയേലിനു നേർക്ക് വീണ്ടും ഡ്രോൺ ആക്രമണമുണ്ടായത്.

ആക്രമണത്തിന്റെ ഉത്തരവാദിത്തം ലബനനിലെ ഹിസ്ബുല്ല സംഘടന ഏറ്റെടുത്തു. കഴിഞ്ഞ ഒരു വർഷത്തിനിടെ ഇസ്രയേലിന്റെ നേർക്കുണ്ടാകുന്ന ഏറ്റവും ശക്തമായ ആക്രമണങ്ങളിലൊന്നാണിത്. ലബനനിൽ നിന്ന് രണ്ട് ഡ്രോണുകൾ ഉപയോഗിച്ചാണ് ആക്രമണം നടത്തിയതെന്നും അവയിലൊരെണ്ണം തകർത്തെന്നും ഇസ്രയേൽ സൈന്യം അറിയിച്ചു.

## റെസ്ക്യൂ/ ഇൻറർസെപ്റ്റർ ബോട്ടിൽ താത്കാലിക നിയമനം

വിഴിഞ്ഞം കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ ഇന്റർസെപ്റ്റർ/ റെസ്ക്യൂ ബോട്ടിൽ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ബോട്ട് ഡ്രൈവർ, സ്രാങ്ക്, ലാസ്കർ തസ്തികകളിലാണ് നിയമനം. ഉദ്യോഗാർഥികൾ രേഖകളുമായി ഒക്ടോബർ 18 ന് രാവിലെ 10 ന് വിഴിഞ്ഞം കോസ്റ്റൽ പോലീസ് സ്റ്റേഷനിലെത്തണം. വിശദവിവരങ്ങൾക്ക്: 04712320486.